പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 8 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | നവംബർ 2015

തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരത്തിലേക്ക്

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

നവംബർ 2015

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 സന്ദേശം
ഡോ. എം.കെ. മുനീർ

7 അധികാര വികേന്ദ്രീകരണം: കേരളം വ്യത്യസ്തമാകുന്നതെങ്ങനെ?
ഡോ. പി.പി. ബാലൻ

10 സമഗ്രഗ്രാമവികസനത്തിൽ ത്രിതല പഞ്ചായത്ത് ഭരണസമിതികൾക്കുള്ള പങ്ക്
കെ. സോമൻ

16 പഞ്ചായത്ത് ഭരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രസക്തി
രാജവർമ്മ തമ്പാൻ

19 ആസൂത്രണത്തിന്റെ രീതിശാസ്ത്രം
കെ.സി. ജയിംസ്

21 സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്താൻ ക്ഷേമ പെൻഷനുകൾ
രാജേഷ് കുറുപ്പ്

23 സിവിൽ രജിസ്ട്രേഷൻ സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ
സുദേനൻ എസ്.

26 സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ ഇ-ഗവേർണൻസ്
അബ്ദുൽ ബഷീർ.പി.കെ

30 ഗ്രാമ വികസന ക്ഷേമപ്രവർത്തനങ്ങളിൽ സോഷ്യൽ ഓഡിറ്റിന്റെ പങ്ക്
ഡോ. വിനോദ് എസ്.

35 വികസനത്തിന്റെ നൂതന മാർഗങ്ങളിലൂടെ ചക്കുപള്ളം ഗ്രാമപഞ്ചായത്ത്
പി. എ നൗഷാദ്

38 വികസന പാതയിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്ത്
എ. നാസറുദ്ദീൻ

42 സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം

അന്താരാഷ്ട്ര വ്യാപാരമേളയിൽ
പഞ്ചായത്ത് വകുപ്പും പങ്കെടുക്കുന്നു

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന 35-ാം അന്താരാഷ്ട്ര വ്യാപാരമേളയിൽ പഞ്ചായത്ത് വകുപ്പും പങ്കെടുക്കുന്നു. നവംബർ മാസം 14 മുതൽ 27 വരെയാണ് വ്യാപാരമേള സംഘടിപ്പിച്ചിരിക്കുന്നത്. 'മേക്ക് ഇൻ ഇന്ത്യ' എന്ന വിഷയത്തിലുള്ള ഇത്തവണത്തെ വ്യാപാരമേളയിൽ 'മെയ്ക്ക് ഇൻ കേരള' യുമായാണ് നമ്മുടെ സംസ്ഥാനം പങ്കെടുക്കുന്നത്. "Venture to Panchayats -opulent Tomorrow" എന്ന തലവാചകവുമായാണ് പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് മേളയിൽ പങ്കെടുക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തുകളിലുള്ള നിക്ഷേപ സാധ്യതകളെ ലോകത്തിനു മുന്നിൽ തുറന്ന് കാട്ടുന്നതിനും, നിക്ഷേപകരെ നമ്മുടെ പഞ്ചായത്തുകളിലേക്ക് ക്ഷണിക്കുക എന്നതുമാണ് മേളയിൽ പങ്കെടുക്കുന്നതിലൂടെ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് ലക്ഷ്യമിടുന്നത്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2015 | പുസ്തകം 55 | ലക്കം 8 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

അജ്മൽ ജെ.
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ

സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

സി.എ. ലത ഐ.എ.എസ്.
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

അജ്മൽ ജെ.
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്റോറിയൽ

കേരളത്തിലെ തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായിരിക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനോടകം തന്നെ പുതിയ ജനപ്രതിനിധികൾ സത്യവാചകം ചൊല്ലി അധികാരമേറ്റിട്ടുണ്ട്. അങ്ങനെ കേരളപ്പിയവിയുടെ മാസമായ നവംബറിൽ തന്നെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികേന്ദ്രീകൃതാസൂത്രണത്തിന്റെ പുതുപ്പിറവിയിലാണ്. സുതാര്യവും, പക്ഷപാതരഹിതവുമായ ഒരു തിരഞ്ഞെടുപ്പ് നടത്തുന്നതിനായി അക്ഷീണം പ്രയത്നിച്ച പഞ്ചായത്ത് വകുപ്പിലെ എല്ലാ ജീവനക്കാർക്കും ആദ്യം തന്നെ അഭിനന്ദനം അറിയിക്കുന്നു.

ജനപങ്കാളിത്തത്തിലൂടെ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമാണ് നമ്മൾ അധികാര വികേന്ദ്രീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം മുന്നിൽ കണ്ട് പ്രവർത്തിക്കുവാൻ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് തികച്ചും ശ്ലാഘനീയമായ വസ്തുതയാണ്. പുതുതായി അധികാരത്തിലേറുന്ന ഭരണസമിതികളും ഈ ലക്ഷ്യപാതയിൽ തന്നെ മുന്നോട്ട് പോകേണ്ടതുണ്ട്. കഴിഞ്ഞ കാല ഭരണസമിതികൾ ധാരാളം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതിൽ പല പഞ്ചായത്തുകളും സംസ്ഥാനത്തിന് തന്നെയല്ല രാജ്യത്തിന് തന്നെ വികസന മാതൃകകളായി മാറിയിട്ടുണ്ട് എന്ന വസ്തുത പുതിയ ഭരണസമിതികളുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു.

പങ്കാളിത്ത ആസൂത്രണവും പഞ്ചായത്തുകളിലൂടെ നൽകുന്ന ഇതര സേവനങ്ങളും കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി നമ്മൾ നടപ്പിലാക്കി വരുന്ന 'സേവാഗ്രാം' പദ്ധതി എല്ലാ വാർഡുകളിലും കാര്യക്ഷമമായി നടപ്പിലാക്കുക എന്നത് പുതിയ ഭരണസമിതികളുടെ മുമ്പിലുള്ള പ്രധാന ഉത്തരവാദിത്തത്തിലൊന്നാണ്. വൈവിധ്യവും, ജനോപകാരപ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഭരണസമിതികൾ മുൻകൈ എടുക്കേണ്ടതുണ്ട്. പുതിയ ഭരണ സമിതികൾ ശ്രദ്ധചെലുത്തേണ്ട മറ്റ് ചില പ്രധാനപ്പെട്ട വിഷയങ്ങളാണ്, മാലിന്യ സംസ്ക്കരണം, അറവ്ശാല നിർമ്മാണം, ശ്മശാന നിർമ്മാണം, തെരുവുനായ നിയന്ത്രണം എന്നിവ. ഇവ ഓരോന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഈ വിഷയങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

പഞ്ചായത്ത് രാജ് മാഗസിന്റെ ഈ ലക്കം പുതിയ ജനപ്രതിനിധികൾക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഒരു ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കുന്ന വിവിധ പ്രവർത്തനങ്ങളെ തരംതിരിച്ച് ചെറു ലേഖനങ്ങളുടെ രൂപത്തിലാക്കി അവതരിപ്പിച്ചിരിക്കുന്നു. സ്ഥല പരിമിതി മൂലം എല്ലാ മേഖലകളും ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല എങ്കിലും പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും വളരെ ലളിതമായി ജനപ്രതിനിധികൾക്ക് വേഗത്തിൽ മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പിൽ വിജയിച്ച് വന്ന എല്ലാ ജനപ്രതിനിധികളേയും അഭിനന്ദിക്കുന്നതിനോടൊപ്പം, ജനങ്ങൾ തങ്ങളിലേൽപ്പിച്ച വളരെ വലിയ ഉത്തരവാദിത്തം ഏറ്റവും ഭംഗിയായും, കാര്യക്ഷമമായും നിറവേറ്റാൻ ഓരോ ജനപ്രതിനിധികൾക്കും സാധിക്കട്ടെ എന്നും ആശംസിക്കുന്നു.

സി.എ. ലത ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

സന്ദേശം

Dr. M. K. MUNEER
MINISTER FOR PANCHAYATS & SOCIAL JUSTICE
KERALA

THIRUVANANTHAPURAM

DATE 18. 11. 2015

പ്രിയപ്പെട്ട തദ്ദേശഭരണ സമിതി അംഗങ്ങളേ

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാരഥ്യത്തിൽ നവംബറിലെ തെരഞ്ഞെടുപ്പിലൂടെ വിജയികളായി എത്തിയ എല്ലാ അംഗങ്ങളെയും ഞാൻ ഹൃദയപൂർവം അഭിനന്ദിക്കുന്നു; സ്വാഗതം ചെയ്യുന്നു. ഒരു പുതിയ ദൗത്യമാണ് നിങ്ങളിൽ അർപ്പിതമായിരിക്കുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ കാതൽ വികേന്ദ്രീകൃത ജനാധിപത്യവും പങ്കാളിത്ത ആസൂത്രണവുമാണല്ലോ. ഈ രംഗങ്ങളിലും കുടുംബശ്രീ എന്ന പ്രസ്ഥാനത്തിലൂടെ സ്ത്രീശാക്തീകരണ രംഗത്തും കേരളം ലോകത്തിന് മാതൃക സൃഷ്ടിച്ച ഒരവസരത്തിലാണ് നിങ്ങൾ പുതിയ പദവിയിൽ അവരോധിതരാവുന്നത്. ക്ഷേമം പൗരന്റെ അവകാശമായി മാറുകയും ക്ഷേമ പെൻഷനുകൾ മാസംതോറും സ്വന്തം അക്കൗണ്ടുകളിലേക്കെത്തുന്ന സംവിധാനം പ്രവർത്തനക്ഷമമാവുകയും ചെയ്തു.

അയൽസഭകൾ, സേവാഗ്രാമം, വാർഡ്സഭകൾ എന്നിവയിലൂടെ ജനാധിപത്യം അടിത്തട്ടിൽ അതിന്റെ സമ്പൂർണ്ണ അർത്ഥത്തിൽ എത്തുന്നതിനുള്ള ധീരമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. ഗ്രാമസഭകൾ കൃത്യമായി ചേരുകയും അവ സമ്പുഷ്ടമാവുകയും വേണം. ജാഗ്രതാസമിതികൾക്ക് നിയമപരമായ പിൻബലം നൽകിക്കഴിഞ്ഞ ഈ സാഹചര്യത്തിൽ അവയും കൃത്യമായി ചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്യണം. സ്ത്രീകൾ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ എന്നിവർക്ക് പ്രത്യേക പരിരക്ഷ നൽകണം. ശുചിത്വം ഉറപ്പാക്കുന്നത് പോലെയുള്ള അനിവാര്യ ചുമതലകൾ ഉത്തരവാദിത്തബോധത്തോടെ നടപ്പാക്കണം. പഞ്ചായത്തിന്റെ ആസ്തികളുടെയും വിഭവങ്ങളുടെയും പരിപാലനത്തിന്റെയും പരിപോഷണത്തിന്റെയും പരമമായ ഉത്തരവാദിത്തമാണ് നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്. കക്ഷി താത്പര്യങ്ങൾക്കതീതമായി ഒത്തൊരുമയോടെ 'എന്റെ ഗ്രാമം' എന്ന ഒറ്റ വികാരത്തോടെ ഈ ദൗത്യം നിർവഹിക്കാൻ നിങ്ങൾ മുന്നോട്ടുവരും എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. അഞ്ച് വർഷം കഴിയുമ്പോൾ വികസന - ക്ഷേമ - ആസ്തി പുഷ്ടിപ്പെടുത്തൽ - വിഭവപരിപോഷണ രംഗങ്ങളിൽ നിങ്ങൾ സൃഷ്ടിച്ച നേട്ടങ്ങൾ ഓരോ പൗരനും എത്രത്തോളം അനുഭവവേദ്യമായി എന്നതിലൂടെയാണ് നിങ്ങൾ വിലയിരുത്തപ്പെടുക. ജനേച്ഛയാണ് ആത്യന്തികമായി വിജയിക്കേണ്ടത്. ഉത്തരവാദിത്തം കൃത്യമായും നിയമ വിധേയമായും നിറവേറ്റപ്പെടുന്നതിലൂടെ അത് സാക്ഷാത്കരിക്കാൻ കഴിയും.

പുതിയ ഭരണ സമിതി അംഗങ്ങൾക്ക് കർമ്മ മണ്ഡലത്തിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി എന്ന നിലയിലും കേരള ഗവൺമെന്റിന്റെ പേരിലും എന്റെ ഹാർദ്ദമായ വിജയാശംസകൾ!

സ്വന്തം

ഡോ. എം.കെ.മുനീർ

Phone-Office : 0471-2327796, 0471-2327895 Res : 0471-2318601, 2317651
Fax : 0471-2330102 Mobile : 9496355500, 9947041000
e-mail : mkmuneer2@gmail.com minister-panchayat@kerala.gov.in minister.socialjustice@gmail.com

ഡോ. പി.പി. ബാലൻ

അധികാര വികേന്ദ്രീകരണം: കേരളം വ്യത്യസ്തമാകുന്നതെങ്ങനെ?

കേരളം അധികാരവികേന്ദ്രീകരണ രംഗത്ത് ഏറെ മുന്നിലുള്ള സംസ്ഥാനമാണ്. 73,74 ഭരണ ഘടനാ ഭേദഗതികൾക്കു ശേഷം നടത്തിയ നിയമനിർമ്മാണവും പ്രത്യേക ഇടപെടലുകളുമാണ് കേരളത്തെ ഇന്ത്യയുടെ നെറുകയിൽ എത്തിച്ചത്. ഇന്ത്യയിലെ ഇതര സസ്ഥാനങ്ങളും ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളും കേരളത്തെ ഈ രംഗത്തെ മാതൃകാ സംസ്ഥാനമായി കാണുന്നു. അധികാരവികേന്ദ്രീകരണ രംഗത്ത് കേരളം സൃഷ്ടിച്ച മാതൃക കാണാനും പഠിക്കാനുമെത്തുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. കേന്ദ്ര ഗവണ്മെന്റ് രൂപം കൊടുക്കുന്ന പല സ്കീമുകളും നടപ്പിലാക്കുന്നത് കേരള മാതൃകയിലായിരിക്കണമെന്നു പോലും വ്യവസ്ഥ ചെയ്യപ്പെടുന്നുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളോട് വില്ലേജ് ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് കേരളത്തിന്റെ പങ്കാളിത്ത ആസൂത്രണ രീതി അവലംബിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കേരളത്തെ സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമായ കാര്യം 30 ശതമാനത്തോളം വരുന്ന സംസ്ഥാന പ്ലാൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു എന്നതാണ്. ഇത് സസ്ഥാന ബജറ്റിന്റെ ഭാഗമായി വരുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂട്ടി തന്നെ പദ്ധതി തയ്യാറാക്കാൻ സാധിക്കുന്നു. വിതരണത്തിൽ തുല്യത ഉറപ്പുവരുത്തിക്കൊണ്ട് പ്രത്യേകമായ മാനദണ്ഡ പ്രകാരമാണ് ബജറ്റ് തുക ലഭ്യമാക്കുന്നത്. ഒരു വിവേചനവുമില്ലാത്ത രീതിയിലാണ് ഫണ്ട് വിതരണം. ഈ രീതി മറ്റൊരു സംസ്ഥാനത്തും നിലനിൽക്കുന്നില്ല. കൂടാതെ റവന്യൂ വരുമാനത്തിന്റെ 9% തുക ജനറൽ പർപ്പസ്, മെയിന്റനൻസ് ഗ്രാന്റുകളായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെത്തുന്നു.

അധികാര വികേന്ദ്രീകരണം ആരംഭിക്കുമ്പോൾ കേരളത്തിന്റെ മുന്നിൽ മാതൃകകളൊന്നുമുണ്ടായിരുന്നില്ല. പ്രായോഗിക പരിജ്ഞാനത്തിന്റെ വെളിച്ചത്തിൽ തെറ്റുകൾ തിരുത്തി മുന്നേറുന്ന രീതിയാണ് അവലംബിച്ചത്. ആ ശൈലി വികേന്ദ്രീകരണത്തിന്റെ രണ്ട് ദശാബ്ധങ്ങൾ പിന്നിടുമ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. എല്ലാ ആഴ്ചയിലും മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടേയും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹരിച്ചു കൊടുക്കുന്നു. വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്ന ഇത്തരം രീതി മറ്റെവിടെയും കാണാൻ സാധിക്കില്ല.

കേരളം വികസിപ്പിച്ചെടുത്ത പങ്കാളിത്താസൂത്രണ രീതി പൊതു സ്വീകാര്യത നേടിയിട്ടുണ്ട്. അത് താഴെ വർക്കിംഗ് ഗ്രൂപ്പ് രൂപീകരണത്തോടെ ആരംഭിക്കുന്നു. ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങി ഒട്ടേറെ ജനകീയ ഇടപെടലുകൾക്ക് വഴിയൊരുക്കിയാണ് പദ്ധതി അംഗീകാരം നേടുന്നത്. അതുപോലെ നിർവ്വഹണത്തിനും മോണിറ്ററിംഗിനും ജനപങ്കാളിത്തത്തിനുള്ള അവസരം നൽകിയിട്ടുള്ളത്. ഇതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഗവണ്മെന്റ് വർഷാവർഷങ്ങളിൽ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത്. മാർഗ്ഗരേഖയിലൂടെ നിബന്ധനകൾ കുറച്ചുകൊണ്ടു വരുന്ന രീതിയാണ് കഴിഞ്ഞ നാല് പഞ്ചവത്സരപദ്ധതികളിലുമുണ്ടായിട്ടുള്ളത്.

ഒമ്പതാം പദ്ധതിയിൽ ആരംഭിച്ച ജനകീയാസൂത്രണം ക്യാമ്പയിൻ രീതിയിലൂടെയാണ് തുടക്കമിട്ടത്. അതുകൊണ്ടുതന്നെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പൊതുവായ അവബോധം ഇന്നു ജനങ്ങളിലുണ്ട്. കേവല സാക്ഷരതക്കപ്പുറമുള്ള വികേന്ദ്രീകരണ ഭരണ സാക്ഷരത ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നു.

ഒമ്പതാം പദ്ധതിയിൽ ആരംഭിച്ച ജനകീയാസൂത്രണം ക്യാമ്പയിൻ രീതിയിലൂടെയാണ് തുടക്കമിട്ടത്. അതുകൊണ്ടുതന്നെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പൊതുവായ അവബോധം ഇന്നു ജനങ്ങളിലുണ്ട്. കേവല സാക്ഷരതക്കപ്പുറമുള്ള വികേന്ദ്രീകരണ ഭരണ സാക്ഷരത ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നു. കക്ഷി രാഷ്ട്രീയത്തിനതീതമായ കൂട്ടായ്മ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രകടമാണ്. ഇലക്ഷൻ സമയത്തുള്ള രാഷ്ട്രീയ കിടമത്സരങ്ങൾ ഭരണസമിതികളിൽ പൊതുവെ പ്രതിഫലിക്കുന്നില്ല എന്നത് ഉദാഹരണം.

മറ്റൊരു മേഖലയിലും കാണാത്ത വിധം ഉദ്യോഗസ്ഥ ജനപ്രതിനിധി ഐക്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രകടമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യ നാളുകളിൽ കണ്ട വിടവ് ഇന്നില്ല. പ്രാദേശിക വികസനത്തിന്നായി ഒന്നിക്കുന്നതിന്റെ ആവശ്യകത തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ, എഞ്ചിനീയർമാർ, വെറ്ററിനറി സർജ്ജന്മാർ, കൃഷി ഓഫീസർമാർ തുടങ്ങി പന്ത്രണ്ടോളം ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ജനകീയ സംവിധാനങ്ങളുമായി പൊരുത്തപ്പെടുന്നുണ്ട്. ഡിപ്പാർട്ടുമെന്റുകളും ജനകീയതലവുമൊരുക്കിയ ദ്വിമാന നിയന്ത്രണം പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല എന്നു കാണാം.

മാർഗ്ഗനിർദ്ദേശങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിലും നിയന്ത്രണം കുറച്ചുകൊണ്ടു വരുന്ന രീതി കാണാം. തദ്ദേശസ്വംഭരണ സ്ഥാപനങ്ങൾ സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണെന്നിരിക്കെ ലഭിക്കുന്ന വികസന ഫണ്ട് ഒരർത്ഥത്തിൽ നിബന്ധനകളില്ലാത്തതാണ്. മേഖലാ വിഭജനത്തിൽ തന്നെ വിവിധ ഇളവുകൾ 12-ാം പദ്ധതിയിൽ നൽകുകയുണ്ടായി. മറ്റൊരർത്ഥത്തിൽ തദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസനഫണ്ട് യഥേഷ്ട വിനിയോഗ

ഫണ്ട് തന്നെയാണ്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്ററുകൾ ഒരിടത്തും സ്വതന്ത്ര വിനിയോഗ രീതിയിൽ ഫണ്ട് നൽകുന്നില്ല. ഗ്രാമപഞ്ചായത്തുകൾ പശ്ചാത്തല മേഖലയിൽ 45 ശതമാനത്തിൽ കൂടുതൽ ഫണ്ട് ചെലവിടരുതെന്ന് പറയുമ്പോൾ ഉത്പാദന-സേവന മേഖലയിൽ പരിധികളില്ലാതെ ചെലവഴിക്കാൻ അവയ്ക്കു സ്വാതന്ത്ര്യമുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾ ഭരണവികസന പ്രവർത്തനങ്ങൾക്കായുള്ള അനുയോജ്യ (viable) യൂണിറ്റാണെന്നു കാണാം. വലുപ്പത്തിൽ ശരാശരി 25 ചതുരശ്ര കിലോമീറ്ററും 30000 മുതൽ 35000 വരെ ജനസംഖ്യയുള്ളതുമാണ് ഇവിടുത്തെ ഗ്രാമപഞ്ചായത്തുകൾ. ഇവിടെ 12-ഓളം ഡിപ്പാർട്ടുമെന്റുകൾ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ ആയിരം മുതൽ അയ്യായിരം വരെ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ഭരണ സൗകര്യ സംവിധാനം രൂപപ്പെടുത്താൻ കഴിയുന്നില്ല. ആയിരം പേർക്കുള്ള പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററോ, സ്ക്കൂളോ, മൃഗാശുപത്രിയോ, സ്ഥാപിക്കാൻ സാധിക്കുന്നില്ല. എന്നാൽ, ചെറിയ ഒരു പ്രദേശത്തിന് പ്രാതിനിധ്യം കൂടുതൽ ലഭ്യമാകുമെന്ന പ്രത്യേകതയുണ്ട്. ഇത് പകരം വയ്ക്കാനാണ് വാർഡുതലത്തിൽ

ആയിരം പേർക്കുള്ള പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററോ, സ്ക്കൂളോ, മൃഗാശുപത്രിയോ, സ്ഥാപിക്കാൻ സാധിക്കുന്നില്ല. എന്നാൽ, ചെറിയ ഒരു പ്രദേശത്തിന് പ്രാതിനിധ്യം കൂടുതൽ ലഭ്യമാകുമെന്ന പ്രത്യേകതയുണ്ട്. ഇത് പകരം വയ്ക്കാനാണ് വാർഡുതലത്തിൽ ഊന്നൽ നൽകികൊണ്ട് 'സേവാഗ്രാം' ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടായത്.

ഊന്നൽ നൽകികൊണ്ട് 'സേവാഗ്രാം' ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടായത്.

കേരളത്തിൽ പഞ്ചായത്തുകളുടെ ആവിർഭാവ കാലത്തു തന്നെ വരുമാന വർദ്ധനവിനായുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചതായി കാണാം. വസ്തു നികുതി, തൊഴിൽ നികുതി, വിനോദനികുതി, പ്രദർശന നികുതി തുടങ്ങി വിവിധ നികുതികളും, ഫീസ്, പിഴ, ഗ്രാന്റുകൾ തുടങ്ങിയ മറ്റു സ്രോതസ്സുകളുമുണ്ട്. എന്നാൽ, ഇതര സംസ്ഥാനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് നികുതി വരുമാനം വിരളമാണ്. അതുകൊണ്ടുതന്നെ അവ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏജൻസികളായി പ്രവർത്തിക്കുന്നു. സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിലേക്ക് അവയ്ക്ക് ഉയരാൻ കഴിയുന്നില്ല.

ലഭ്യമായ അധികാരങ്ങളും വിഭവവും പ്രവർത്തന സ്വാതന്ത്യവും ഉപയോഗപ്പെടുത്തി ദീർഘവീക്ഷണത്തോടെ വൈവിധ്യമാർന്ന വികസന പരിപാടികൾ ആരംഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. സേവന മേഖലയിൽ പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവയിൽ ഗുണപരമായ മാറ്റം വരുത്തുവാൻ കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. സദ്ഭരണോപാധിയായ (Good Governance) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായവരുടെ എണ്ണവും വിരളമല്ല. ജൈവകൃഷി, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്ക്കരണം, ടൂറിസം, മൈക്രോസംരംഭങ്ങൾ, കുടിവെള്ളം എന്നീ മേഖലകളിൽ അനുകരണീയ മാതൃകകൾ സൃഷ്ടിച്ച് അവ മറ്റു പഞ്ചായത്തുകൾക്ക് വഴികാട്ടിയാകുന്നു.

കഴിഞ്ഞ ഇരുപതു വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകണം. അതിനായി കഴിവും ദീർഘവീക്ഷണവുമുള്ള ഭരണ സമിതികളെയാണ് നമുക്കാവശ്യം. ◆

കില ഡയറക്ടറാണ് ലേഖകൻ

കെ. സോമൻ

സാമൂഹിക നീതിയിലധിഷ്ഠിതമായ സമഗ്രഗ്രാമവികസനത്തിൽ ത്രിതല പഞ്ചായത്ത് ഭരണസമിതികൾക്കുള്ള പങ്ക്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015 നവംബർ 2, 5 തീയതികളിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണസമിതികൾ നിലവിൽ വന്നു. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 നഗരസഭകൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലേക്ക് 21905 ജനപ്രതിനിധികളാണ് സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തിട്ടുള്ളത്. 1992-ലെ 73 ഉം 74 ഉം ഭരണഘടനാഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ത്രിതല പഞ്ചായത്തുകളേയും നഗരസഭകളേയും കേന്ദ്ര സംസ്ഥാന സർക്കാരുകളോടൊപ്പം ജനാധിപത്യ ഭരണസംവിധാനത്തിനുവേണ്ടി മൂന്നാം തലത്തിലുള്ള പ്രാദേശിക സർക്കാരുകളായി ഉയർത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രാതിനിധ്യ ജനാധിപത്യ ഭരണസംവിധാനമായി പ്രവർത്തിക്കുമ്പോൾ പ്രാദേശിക സർക്കാരുകൾക്ക് ജനത്തിന്റെ ആശാഭിലാഷങ്ങൾക്കനുസരിച്ചുള്ള പങ്കാളിത്ത ജനാധിപത്യ ഭരണസംവിധാനം നിർവ്വഹിക്കുവാൻ കഴിയുമെന്ന സവിശേഷതയുണ്ട്. സാമൂഹികനീതിയിലൂന്നിയ സമഗ്രവികസനം എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് വികേന്ദ്രീകൃത ഭരണസംവിധാനമാണ് ഏറ്റവും യോജിച്ചതെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് 29-ഉം നഗരപാലികാ സ്ഥാപനങ്ങൾക്ക് 18-ഉം വിഷയങ്ങൾ ഭരണഘടനയുടെ 11, 12 പട്ടികകളായി പുതുതായി ഉൾപ്പെടുത്തി ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണ അധികാരം നൽകുകയുണ്ടായി. ഭരണഘടനാഭേദഗതിയുടെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ, കൂടുതൽ ജനപങ്കാളിത്തത്തോടെ പ്രാദേശിക വികസനം അർത്ഥപൂർ



സ്വയംഭരണാധികാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പൂർണ്ണമായി പാലിച്ച് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണ് പരമാധികാരമല്ല.

ണ്ണമാക്കുവാൻ ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി കേരള പഞ്ചായത്ത് രാജ് നിയമവും നഗരപാലികാ സ്ഥാപനങ്ങൾക്ക് കേരള മുനിസിപ്പൽ നിയമവും 1994 പ്രാബല്യത്തിൽ പാസ്സാക്കുകയുണ്ടായി.

ഗ്രാമ – ബ്ലോക്ക് – ജില്ല പഞ്ചായത്തുകൾ കൈകാര്യം ചെയ്യേണ്ട അധികാരങ്ങളും ചുമതലകളും

ഈ വിഷയത്തെപ്പറ്റി കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 3, 4, 5 എന്നീ പട്ടികകളിൽ പ്രതിപാദിക്കുന്നുണ്ട്. ഈ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാമതലത്തിലുള്ള 11 സ്ഥാപനങ്ങളും അവയിലെ ജീവനക്കാരുടെ സേവനവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബ്ലോക്ക് തലത്തിലുള്ള 9 സ്ഥാപനങ്ങളും അവയിലെ ജീവനക്കാരെയും ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാതലത്തിലുള്ള 10 സ്ഥാപനങ്ങളും അവയിലെ ജീവനക്കാരെയും 02.10.1995 പ്രാബല്യത്തിൽ സംസ്ഥാനസർക്കാർ കൈമാറുകയുണ്ടായി. ഇപ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങൾ അതത് പഞ്ചായത്തുകളുടെ ഘടകസ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതത് പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുമെന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ 181–ാം വകുപ്പ് വ്യക്തമാക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും സെക്രട്ടറി ഉൾപ്പെടെയുള്ള പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരും ഘടകസ്ഥാപനങ്ങളിലെ ജീവനക്കാരും ചേരുന്നതാണ് ഒരു പഞ്ചായത്ത്.

പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ സവിശേഷത

പ്രാദേശികതലത്തിലുള്ള ഭരണസംവിധാനം മെച്ചപ്പെടുത്താനും അതുവഴി ഭരണ വികസന ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളുടെ ആശാഭിലാഷങ്ങൾക്കനുസരിച്ച് പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ രൂപം നൽകി നിർവ്വഹണം നടത്തുന്നതിന് ത്രിതലപഞ്ചായത്തുകളാണ് ഏറ്റവും മാതൃകാപരമായിട്ടുള്ളത്. സുതാര്യത, കാര്യക്ഷമത, പ്രതിബദ്ധത, പ്രതികരണാത്മകത എന്നിവയിലധിഷ്ടിതമായ ഒരു ഭരണസംവിധാനമാണ് ഈ സ്ഥാപനങ്ങളിലൂടെ വിഭാവന ചെയ്യുന്നത്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിഭവചോർച്ചയൊഴിവാക്കി പൂർണ്ണ ഫലപ്രാപ്തി കൈവരിക്കുംവിധം കാര്യക്ഷമവും സുതാര്യവുമായി നിർവ്വഹിക്കുന്നത് ഉറപ്പാക്കുന്നതിന് വിവിധ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകൾക്ക് പുറമെ അയൽസഭ, ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ്, ജാഗ്രതാസമിതികൾ ഇത്യാദി ഉന്നത പ്രതികരണാത്മക ജനകീയപരിശോധനാ സംവിധാനങ്ങളും സഹായകമാണ്. ജനവും ജനപ്രതിനിധികളും ജീവനക്കാരും ക്രിയാത്മകമായ കൂട്ടായ്മയിലൂടെ കർമ്മനിരതരാകുന്ന ഒരു ചെക്ക് ആന്റ് ബാലൻസ് (Check & Balance) ഭരണസംവിധാനം ത്രിതല പഞ്ചായത്തുകൾക്കുറപ്പാക്കുവാൻ കഴിയുന്നു. ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും പ്രവർത്തനങ്ങൾ ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് സംവിധാനത്തിലൂടെ ജനങ്ങൾക്കും, ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്നത് ജീവനക്കാർക്കും പരിശോധിച്ച് ക്രിയാത്മകമാക്കുവാൻ കഴിയുമെന്നതിനാൽ അനീതിയും അഴിമതിയും പുരളാത്ത സംശുദ്ധ ജനകീയഭരണസംവിധാനം ഉറപ്പാക്കാം. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യവിഭവം ഉൾപ്പെടെയുള്ള സ്രോതസ്സുകൾ പഞ്ചായത്തുകൾക്ക് തനത് മാർഗ്ഗേണയും സർക്കാർ ധനസഹായമായും ലഭ്യമാണ്. കൂടാതെ പൊതുജന

സംഭാവനകളും സർക്കാർ അംഗീകാരത്തോടെ വായ്പയും ലഭ്യമാക്കാവുന്നതാണ്. ഈ വിഭവങ്ങളുടെ പരമാവധി സമാഹരണവും അവയുടെ ജനാഭിലഷണീയമായ ക്രിയാത്മക വിനിയോഗത്തിലുമായിരിക്കണം പുതിയ ഭരണസമിതികൾ അതീവ ശ്രദ്ധപതിക്കേണ്ടത്. കേരളത്തിലെ പഞ്ചായത്ത്-നഗരപാലികാ സ്ഥാപനങ്ങൾ സമാനതകളില്ലാത്ത പ്രാദേശിക ഭരണസംവിധാനമാണെന്ന് ദേശീയ അന്തർദേശീയതലത്തിൽ പരക്കെ അംഗീകരിച്ചിട്ടുള്ളതാണ്. ആശയറ്റവന്റെ ആശാകേന്ദ്രവും ശബ്ദമറ്റവന്റെ ശബ്ദകേന്ദ്രവുമാണ് ഈ സ്ഥാപനങ്ങൾ. ജനനം മുതൽ മരണം വരെയുള്ള വിവിധ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വിപുലവും അനിവാര്യവുമായ ഒട്ടനവധി ചുമതലകൾ പഞ്ചായത്തുകൾ വിശിഷ്യാ ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിച്ചുപോരുന്നു. ജീവിതത്തിന്റെ സർവ്വതലത്തിലും സേവനത്തിന്റെ കരങ്ങളെത്തിക്കുന്ന പ്രാദേശികഭരണകൂടങ്ങൾ സേവനത്തിന്റെ ശ്രീകോവിലും കാരുണ്യത്തിന്റെ കർമ്മക്ഷേത്രവുമായി ഉയർത്തപ്പെടുന്നതിലേക്കായിരിക്കണം പുതിയ ഭരണസമിതികൾ അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.

പുതിയ ഭരണസമിതിക്കുള്ള കർമ്മപദ്ധതികൾ

പുതുതായി ചുമതല ഏറ്റിട്ടുള്ള ത്രിതല പഞ്ചായത്ത് ഭരണസമിതികൾക്ക് ഗ്രാമീണമേഖലയുടെ സർവ്വതോന്മുഖമായ വികസനവും ജനങ്ങളുടെ ജീവിതനിലവാരവും ഉയർത്തുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സ്വയംഭരണാധികാരം ഇന്ത്യൻ ഭരണഘടനയും കേരള പഞ്ചായത്ത് രാജ് നിയമവും വ്യക്തമായി നൽകിയിട്ടുണ്ട്. സ്വയംഭരണാധികാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പൂർണ്ണമായി പാലിച്ച് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണ് പരമാധികാരമല്ല.

സംസ്ഥാനസർക്കാരിന്റെ 30%-ൽ അധികരിക്കുന്ന ബജറ്റ് വിഹിതം ചെലവഴിക്കാൻ ചുമതലപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണസമിതികളെ സർക്കാരും പൊതുസമൂഹവും വളരെ പ്രതീക്ഷയോടെയാണ് വീക്ഷിക്കുന്നത്. ഈ പ്രതീക്ഷകൾക്ക് മങ്ങലേൽക്കാതെ ജനാഭിലാഷപ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ത്രിതലപഞ്ചായത്തുകൾ അടിയന്തരപരിഗണന നൽകേണ്ട വിഷയങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

1. ഫ്രണ്ട് ഓഫീസ് സംവിധാനം പൂർണ്ണതോതിൽ സജ്ജമാക്കുക.

പഞ്ചായത്തുകൾ സേവനപ്രദാന കേന്ദ്രങ്ങളാണ്. പൗരന് സേവനം ഒരവകാശമാണ്. ഔദാര്യമല്ല. സദ്ഭരണത്തിന്റെ ഭാഗമായി വിവിധ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് സൗഹാർദ്ദത്തോടും നീതിപൂർവ്വവുമായി നൽകുന്നതിന് സർക്കാർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം 02.07.2009 മുതൽ പ്രവർത്തിച്ചുവരുന്നു. നൂതന സാങ്കേതിക സജ്ജീകരണങ്ങളോട് ക്രമീകരിച്ചിട്ടുള്ള പ്രത്യേക കൗണ്ടറിലൂടെ പൊതുജന അപേക്ഷ സ്വീകരിച്ച് സേവനം നൽകുന്ന തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകി കൃത്യദിവസം തന്നെ സേവനം പ്രദാനം ചെയ്യുന്നതിനാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജീവനക്കാരുടെ കുറവ് മൂലം ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന വ്യാപകപരാതിയെ തുടർന്ന് അതത് പഞ്ചായത്തിലെ അഞ്ച് കുടുംബശ്രീ അംഗങ്ങളെ തെരഞ്ഞെടുത്ത് മൈക്രോ സംരംഭം സ്ഥാപിച്ച് ഫ്രണ്ട് ഓഫീസിനെ സഹായിക്കാൻ കുടുംബശ്രീ മുഖേന ഒരു ഹെൽപ്ഡെസ്ക് കൂടി പ്രവർത്തിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കുടുംബശ്രീയുടെ സേവനം ഈ ആവശ്യത്തിന് ലഭ്യമാക്കി ഫ്രണ്ട് ഓഫീസ് പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് പുതിയ ഭരണസമിതികൾ സജീവപരിഗണന നൽകേണ്ടതാണ്. പഞ്ചായത്ത് രേഖകൾ മുഴുവനും ഇലക്ട്രോണിക്സ് രൂപത്തിലാക്കി ഇ-ഗവേണൻസ് സേവനപ്രദാനത്തിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമസഭകളുടെ ശാക്തീകരണവും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കലും

ഗ്രാമ പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ കേന്ദ്രബിന്ദുവായ ഗ്രാമസഭ പ്രത്യക്ഷ ജനാധിപത്യവേദിയാണ്. വികസന ക്ഷേമപ്രവർത്തനങ്ങൾ ഗ്രാമസഭയിലൂടെ തിട്ടപ്പെടുത്തി മുൻഗണന നിശ്ചയിക്കുന്നതിനോടൊപ്പം അതിവിപുലമായി അധികാരങ്ങളും ചുമതലകളും പഞ്ചായത്ത് രാജ് നിയമത്തിലെ 3, 3എ, 3ബി വകുപ്പുകൾ ഗ്രാമസഭകൾക്ക് നൽകുന്നു. ഗ്രാമസഭയുടെ ക്വാറം 10 ശതമാനമെന്ന് നിയമം നിഷ്കർഷിക്കുന്നുവെങ്കിലും പരമാവധി അംഗങ്ങൾ ഗ്രാമസഭയിൽ പങ്കെടുത്ത് കൂടുതൽ ജനപങ്കാളിത്തത്തോടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിന് വാർഡ് മെമ്പർ ഊന്നൽ നൽകേണ്ടതാണ്. നിയത രീതിയിൽ ഗ്രാമസഭ പ്രവർത്തനം നടത്തുന്നതിന് ഓരോ പഞ്ചായത്ത് അംഗവും അർഹിക്കുന്ന ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതാണ്. ഗ്രാമസഭയുടെ ശക്തിക്ഷയം ത്രിതലപഞ്ചായത്തുകളുടെ ശക്തിക്ഷയം തന്നെയാണ്. ഗ്രാമസഭകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 25.06.2014-ലെ ജി.ഒ (എം.എസ്) 112/14/ത.സ്വ.ഭ നമ്പരായി സർക്കാർ ഉത്തരവുണ്ട്. അയൽസഭ, വാർഡ് വികസന സമിതി എന്നിവ രൂപീകരിച്ച് ഗ്രാമസഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനാണ് ഈ ഉത്തരവ് ലക്ഷ്യമിട്ടിട്ടുള്ളത്. വികേന്ദ്രീകരണ ഭരണസേവന കേന്ദ്രമായ ഗ്രാമകേന്ദ്രം/സേവാഗ്രാമം ഇതിനോടകം 300-ൽപരം പഞ്ചായത്തുകളിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഗ്രാമകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഒരു കുടുംബശ്രീ പ്രവർത്തകയെ അതിന്റെ ഫെസിലിറ്റേറ്ററായി നിയമിച്ച് 1000 രൂപ പ്രതിമാസ വേതനം നൽകാമെന്ന് 06.02.2015-ലെ 66247/ഐ.എ.1/14/ത.സ്വ.ഭ സർക്കുലറിലൂടെ അനുവാദം നൽകിയിട്ടുണ്ട്. ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ലാത്ത പുതിയ ഭരണസമിതികൾ അവ ഉടൻ സ്ഥാപിക്കുന്നതിന് സത്വര പരിഗണന നൽകേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ കേന്ദ്രബിന്ദുവായ ഗ്രാമസഭ പ്രത്യക്ഷ ജനാധിപത്യ വേദിയാണ്. വികസന ക്ഷേമപ്രവർത്തനങ്ങൾ ഗ്രാമസഭയിലൂടെ തിട്ടപ്പെടുത്തി മുൻഗണന നിശ്ചയിക്കുന്നതിനോടൊപ്പം അതിവിപുലമായി അധികാരങ്ങളും ചുമതലകളും പഞ്ചായത്ത് രാജ് നിയമത്തിലെ 3, 3എ, 3ബി വകുപ്പുകൾ ഗ്രാമസഭകൾക്ക് നൽകുന്നു.

3. പൗരാവകാശരേഖ പുതുക്കൽ

സേവനം പൗരന്റെ അവകാശമാണെന്ന് സൂചിപ്പിച്ചുവല്ലോ. ഗുണനിലവാരമുള്ള സേവനം സമയബന്ധിതമായി അവന് നൽകുവാൻ സർക്കാർ ഓഫീസുകൾക്ക് ബാദ്ധ്യതയുണ്ട്. ഇത് ഉറപ്പാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ 01.11.2012 പ്രാബല്യത്തിൽ സേവനാവകാശ നിയമം പാസ്സാക്കി. ഇതനുസരിച്ച് നിയമപരമായി നിശ്ചയിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ തങ്ങളുടെ സേവനം നൽകുവാൻ വീഴ്ചവരുത്തുന്നപക്ഷം പിഴയും വകുപ്പുതല ശിക്ഷകൾക്കും ഓരോ ഓഫീസ് മേധാവിയും വിധേയമാകുമെന്ന് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവിധ സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും (ഘടകസ്ഥാപനങ്ങളുടേതുൾപ്പെടെ) സംബന്ധിച്ച ഒരു രൂപരേഖ പൗരാവകാശരേഖ എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും വർഷത്തിലൊരിക്കൽ പുതുക്കി കാലാനുസൃത മാക്കണമെന്നും പഞ്ചായത്ത് രാജ് നിയമത്തിലെ 272A വകുപ്പ് നിഷ്കർഷിക്കുന്നു. പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ചുമതലയേൽക്കുന്ന പഞ്ചായത്ത് ഭരണസമിതി ആറ് മാസത്തിനുള്ളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന് 2014-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ 3(1)-ാം ചട്ടം അനുശാസിക്കുന്നു. പുതിയഭരണസമിതികൾ സമയപരിധിക്കുള്ളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും സത്വരനടപടി സ്വീകരിക്കണം.

4. പൊതുശ്മശാനം സ്ഥാപിക്കൽ

ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിച്ച് സംരക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. അതിവേഗം നാഗരികതയിലേക്ക് കുതിക്കുന്ന ജനസാന്ദ്രത കൂടിയതും ഭൂവിസ്തൃതി കുറഞ്ഞതുമായ നമ്മുടെ സംസ്ഥാനത്ത് പ്രിയപ്പെട്ടവരുടെ ഭൗതികശരീരം സംസ്ക്കരിക്കുന്നതിന് ഇടംകിട്ടാതെ സ്വന്തം കൂരയുടെ അടുക്കള ഈ ആവശ്യത്തിലേക്ക് പൊളിച്ചുമാറ്റി ഉപയോഗിക്കേണ്ടിവന്നിട്ടുള്ള ഗ്രാമീണ അനുഭവം വലിയ പത്രവാർത്ത സൃഷ്ടിച്ചിട്ടുള്ളത് അടുത്തകാലത്താണ്. ആളോഹരി വാസഭൂമി കുറയുന്നതും നഗരങ്ങളിലേതുപോലെ പഞ്ചായത്ത് പ്രദേശങ്ങളിലും ഫ്ളാറ്റുകളുടേയും വില്ലകളുടേയും അതിവ്യാപന സാഹചര്യത്തിൽ പൊതുശ്മശാനത്തിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്. പെട്രോളിയം/ഗ്യാസ്/വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ആധുനിക സജ്ജീകരണത്തോടുകൂടിയ ക്രിമീറ്റോറിയങ്ങൾ മലിനീകരണം കുറവുള്ളതാകയാൽ ജനവാസഗൃഹങ്ങളിൽ നിന്നും 25 മീറ്റർ അകലത്തിൽ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ചട്ടത്തിൽ ഇളവ് നൽകുന്നുണ്ട്. പൊതുജന എതിർപ്പ് തുലോം കുറവുള്ള ക്രിമിറ്റോറിയങ്ങൾ പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള പ്രത്യേക ധനസഹായം ലഭ്യമാക്കിയോ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിവിഹിതം കൂടി സമാഹരിച്ച് സംയുക്ത പ്രോജക്ടിലൂടെയോ സ്ഥാപിക്കുന്നതിന് പുതിയ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ സജീവ പരിഗണന നൽകണം.

5. അറവുശാലകൾ സ്ഥാപിക്കൽ

മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളെ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവുശാലയിൽ മാത്രം കശാപ്പുചെയ്ത് ഇറച്ചിക്കടകൾ മുഖേന വിൽപ്പന നടത്തുവാൻ പാടുള്ളൂ എന്ന് രാജ്യത്തിന്റെ പരമോന്നത നീതിപീഠം ഉത്തരവായിട്ടുണ്ട്. അനധികൃത കശാപ്പുശാലകൾ ഗുണനിലവാരം കുറഞ്ഞ മാംസത്തിന്റെ വിപണനവും പൊതുസ്ഥലങ്ങളിൽ മാലിന്യം അലക്ഷ്യമായി തള്ളുന്നതും മുഖേന പൊതുജനാരോഗ്യത്തിന് കടുത്ത വെല്ലുവിളി സൃഷ്ടിക്കുന്ന നേർക്കാഴ്ച നമുക്കുണ്ട്. അറവുശാലകൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക്

പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രത്യേക ധനസഹായം നൽകുന്നുണ്ട്. മതിയായ സാധ്യതാപഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ സജീവ പരിഗണന നൽകണം.

6. മാലിന്യസംസ്കരണപദ്ധതി ആവിഷ്കരിക്കൽ

ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാലിന്യ സംസ്കരണ പ്രശ്നമാണ്. അതിവേഗം വളരുന്ന നാഗരികതയുടേയും ഉപഭോഗസംസ്കാരത്തിന്റെയും ഉപഉല്പന്നമായ മാലിന്യം ശേഖരിച്ച് സുരക്ഷിതമായി നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. ആരോഗ്യപ്രശ്നസാധ്യതയുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾക്ക് പൊതുജന എതിർപ്പ് വളരെ കൂടുതലാകയാൽ ഉറവിട മാലിന്യസംസ്കരണമെന്ന വികേന്ദ്രീകൃത ആശയത്തിലൂന്നിയ ദീർഘവീക്ഷണ ആസൂത്രണത്തിലൂടെ ഈ വെല്ലുവിളിയെ ഭരണസമിതികൾക്ക് നേരിടുവാൻ കഴിയും. സർക്കാർ സർക്കാരേതര ഏജൻസികൾ മാലിന്യ സംസ്കരണപദ്ധതികൾക്കാവിശ്യമായ വിഭവങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്. ഈ സ്രോതസ്സുകൾ പരമാവധി സമാഹരിച്ച് മാലിന്യത്തെ വളവും ഇന്ധനവുമായി മാറ്റുന്ന വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീവ്രശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അന്തർദേശീയതലത്തിൽ അംഗീകാരം നേടിയ ആലപ്പുഴ നഗരസഭയുടെ ശുചിത്വഭവനം ശുചിത്വനഗരം പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാക്കാവുന്നതാണ്.

7. തെരുവ് നായ്ക്കളുടെ നിയന്ത്രണം

തെരുവ് നായ്ക്കളുടെ അനിയന്ത്രണമായ വർദ്ധനവ് പൊതുജനത്തിന് വൻവിപത്താണ് അടുത്തകാലത്തായി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനും അലഞ്ഞ് നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യലും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെങ്കിലും നായ്ക്കളെ കൊല്ലുന്നത് സുപ്രീംകോടതി 2009 ജനുവരി മുതൽ നിരോധിച്ചിട്ടുള്ളതിനാൽ വംശവർദ്ധനവ് തടയുന്നതിനായി വന്ധീകരണ (ABC) ത്തിനാവശ്യമായ പ്രോജക്ടുകൾ ത്രിതലപഞ്ചായത്തുകൾ സംയുക്തമായി തയ്യാറാക്കി ജില്ലാപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജില്ല ഒട്ടാകെ ഒരേസമയംതന്നെ നിർവ്വഹണം നടത്തി ഫലപ്രാപ്തി നേടുവാൻ സത്വരമായി ശ്രമിക്കേണ്ടതാണ്. പൊതുജനാരോഗ്യത്തിനും സുരക്ഷക്കും ഭീഷണിഉയർത്തുന്ന തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വലിയ ഉത്തരവാദിത്വമുണ്ട്. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം ഒഴിവാക്കുന്നതിന് ഊർജ്ജിതനടപടികൾ സ്വീകരിച്ചാൽ തന്നെ തെരുവ് നായ്ക്കളെ നിയന്ത്രണ വിധേയമാക്കാവുന്നതാണ്. നായ്ക്കളെ വളർത്തുന്നതിനും സൂക്ഷിക്കുന്നതിനും ലൈസൻസ് നിർബന്ധമാക്കുന്ന 1998–ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി നടപ്പിലാക്കിയാൽ നായ്ക്കളുടെ നിയന്ത്രണത്തോടൊപ്പം തനത് വരുമാന വർദ്ധനവ് കൈവരിക്കുവാനും കഴിയും.

8. ഉല്പാദനമേഖലയ്ക്ക് ഊന്നൽ നൽകുന്ന വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രോജക്ടുകൾ വാർഷികപരിപാടികൾ തയ്യാറാക്കുമ്പോൾ ഉല്പാദനമേഖലയ്ക്ക് വിശിഷ്യാ ഭക്ഷ്യസുരക്ഷക്കനുഗുണമായിട്ടുള്ള കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുവാൻ ഭരണസമിതികൾ ശ്രദ്ധിക്കണം. കൃഷി നമ്മുടെ ജീവിതമാർഗ്ഗം മാത്രമല്ല സംസ്കാരം കൂടിയാണ്. കാർഷിക മേഖലയിൽ നിന്നുള്ള പിൻവലിയൽ സാമൂഹ്യ അപചയത്തിന് മുഖ്യഹേതുതന്നെയാണ്. തരിശ് ഭൂമി കൃഷിയോഗ്യമാക്കി കുടുംബശ്രീ, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് നെല്ല്, തെങ്ങ്, പച്ചക്കറി, ഇടവിള ഉൾപ്പെടെയുള്ള കൃഷിവ്യാപനത്തിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. വിഷാംശമില്ലാത്ത ഭക്ഷണത്തിനായി ജൈവകൃഷിക്കായിരിക്കണം ഊന്നൽ നൽകേണ്ടത്. വാർഷികപദ്ധതികളുടെ ചെലവ് ശതമാനം ഉയർത്തുന്നതിനായി വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന സൃഷ്ടിപരമല്ലാത്ത പ്രോജക്ടുകൾ പരമാവധി ഒഴിവാക്കി സാമൂഹ്യപുരോഗതിക്കുതകുന്ന പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

9. വിഭവസമാഹരണത്തിനുള്ള പങ്ക്

ത്രിതലപഞ്ചായത്തുകളുടെ ഭാരിച്ചചുമതലകൾ നിറവേറ്റുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമുണ്ട്. കേന്ദ്രസംസ്ഥാന ഗ്രാന്റുകൾ, വായ്പ, പൊതുസംഭാവനകൾ, ഗുണഭോക്തൃ വിഹിതം, വിവിധ നികുതി നികുതിയേതര വരുമാനങ്ങൾ എന്നിവയാണ് പ്രധാന വിഭവസ്രോതസ്സുകൾ. എന്നാൽ നികുതി ചുമത്തുവാനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് മാത്രമാണുള്ളത്. പദ്ധതിവിഹിതം മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേകം ഗ്രാന്റുകൾ എന്നിവ വികസന ക്ഷേമപ്രവർത്തനങ്ങൾക്കും ഭരണപരമായ ചെലവുകൾക്ക് പൊതുആവശ്യഫണ്ടും ലഭിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾ നിലവിലുള്ള നികുതി നികുതിയേതര സ്രോതസ്സുകൾ പൂർണ്ണമായി സമാഹരിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി കാണുന്നു. വിനോദനികുതി പരസ്യനികുതി വിവിധ ലൈസൻസ്, രജിസ്ട്രേഷൻ ഫീസുകൾ എന്നിവ പൂർണ്ണമായി സമാഹരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പാക്കണം വസ്തുനികുതിയിനത്തിൽ വർഷങ്ങളായി കുടിശിഖയുള്ളത് 31.03.2016 വരെ പിഴപലിശ കൂടാതെ ഒടുക്കുവാൻ നിലവിലുള്ള സർക്കാർ ഉത്തരവ് നികുതി ദായകർക്ക് അധികബാധ്യത ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ തനത് ഫണ്ട് സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ അധികമായി ഏറ്റെടുക്കുവാനും കഴിയുന്നതിനാൽ ഭരണസമിതികൾ കുടിശിഖ സമാഹരണത്തിനുള്ള സമയബന്ധിത കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് നികുതിപിരിവിനായി അർഹമായ വേതനം നൽകി കുടുംബശ്രീ സേവനം തേടുന്നതിന് മേൽ ഫ്രണ്ട് ഓഫീസ് വിവരണത്തി

ലെ സർക്കുലർ അനുവദിക്കുന്നുണ്ട്. വാണിജ്യപ്രാധാന്യമുള്ള പഞ്ചായത്ത് സമിതികളിൽ ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം പോലുള്ള വരുമാനദായക സംരംഭങ്ങളുടെ സാധ്യതയും പരിശോധിച്ച് സാക്ഷാത്കരിക്കേണ്ടതാണ്.

10. ദുരിതാശ്വാസനിധി രൂപീകരണം

പ്രകൃതിക്ഷോഭം, അത്യാഹിതം, അഗ്നിബാധ, മാറാരോഗങ്ങൾ എന്നിവമൂലം കഷ്ടത അനുഭവിക്കുന്ന നിർദ്ധന ഗ്രാമവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ ഭരണസമിതിയുടെ ഒരു തീരുമാനത്തിലൂടെ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ നിധിയിലേക്ക് വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും ധനം സ്വരൂപിക്കുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിലെ 177-ാം വകുപ്പും 2003-ലെ അനുബന്ധ ചട്ടവും അനുവദിക്കുന്നുണ്ട്. ഇപ്രകാരം ദുരിതാശ്വാനിധി രൂപീകരിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ താമസംവിനാ നിധി രൂപീകരിച്ചും നിലവിലുള്ളവർ നിധിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ദുരിതബാധിതർക്ക് കാരുണ്യത്തിന്റെ തണലേകേണ്ടതുമാണ്.

ഭരണസമിതി അംഗങ്ങൾ പഞ്ചായത്തിന്റെ ഒട്ടനവധി യോഗങ്ങളിൽ പങ്കെടുക്കേണ്ടതുണ്ട്. യോഗങ്ങളിൽ ഹാജരാകുന്നതിന് നോട്ടീസ് യഥാവിധി ലഭിക്കുന്നതിനുള്ള അവകാശത്തോടൊപ്പം ഓരോ വിഷയത്തിനും സെക്രട്ടറി ലഭ്യമാക്കുന്ന അജണ്ടാകുറിപ്പ് ആഴത്തിൽ പഠിച്ച് ചർച്ചയിൽ സജീവമായി പങ്കെടുത്ത് തീരുമാനങ്ങൾ ക്രമപ്രകാരം പാസ്സാക്കിക്കുന്നതിലും അവയുടെ പകർപ്പുകൾ തന്നെയാണ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ തങ്ങൾക്ക് ലഭിക്കുന്നതെന്ന് ഓരോ അംഗവും ഉറപ്പാക്കേണ്ടതാണ്.

പുതുതായി ചുമതലയേറ്റിട്ടുള്ള പഞ്ചായത്ത് ഭരണസമിതികൾ ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിന് നിർവ്വഹിക്കേണ്ട കടമകൾ എണ്ണമറ്റതാണ്. അവയിൽ അടിയന്തിരപ്രാധാന്യമർഹിക്കുന്ന ചിലത് മാത്രമാണ് മേൽ വിവരണങ്ങളിലുള്ളത്. ഓരോ പഞ്ചായത്തിന്റെയും പ്രാദേശിക അനിവാര്യതയനുസരിച്ച് ഭരണസമിതി വ്യക്തി കക്ഷി രാഷ്ട്രീയ താല്പര്യങ്ങൾക്കതീതമായി ഉയർന്ന് ഓരോ ഗ്രാമവും സ്വയം പര്യാപ്തവും സ്വയം ഭരണവുമുള്ള ഗ്രാമസ്വരാജ് എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി പ്രവർത്തിക്കും എന്ന് ഇത്തരുണത്തിൽ പ്രതിജ്ഞയെടുക്കേണ്ടതാണ്. ◆

കൊല്ലം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസറാണ് ലേഖകൻ

ഓരോ പഞ്ചായത്തിന്റെയും പ്രാദേശിക അനിവാര്യതയനുസരിച്ച് ഭരണസമിതി വ്യക്തി കക്ഷി രാഷ്ട്രീയ താല്പര്യങ്ങൾക്കതീതമായി ഉയർന്ന് ഓരോ ഗ്രാമവും സ്വയം പര്യാപ്തവും സ്വയം ഭരണവുമുള്ള ഗ്രാമസ്വരാജ് എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി പ്രവർത്തിക്കും എന്ന് ഇത്തരുണത്തിൽ പ്രതിജ്ഞയെടുക്കേണ്ടതാണ്.

രാജവർമ്മ തമ്പാൻ

പഞ്ചായത്ത് ഭരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രസക്തി

1960ലെ കേരളാ പഞ്ചായത്ത് ആക്റ്റിന്റെ അടിസ്ഥാനത്തിൽ 1963 നവംബർ/ഡിസംബർ മാസങ്ങളിലാണ് കേരള സംസ്ഥാനമൊട്ടാകെയുള്ള ആദ്യ പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നതും കേരള സംസ്ഥാനമൊട്ടാകെ ഒരു ഏകീകൃത നിയമത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പ്രവർത്തിക്കാൻ തുടങ്ങിയതും. എന്നാൽ അന്നത്തെ ആക്റ്റിലൂടെ നൽകപ്പെട്ട പരിമിതമായ അധികാരങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച തുച്ഛമായ നികുതി വരുമാനങ്ങൾ കൊണ്ട് കാര്യമായ യാതൊരു വികസന പ്രവർത്തനങ്ങളും പഞ്ചായത്തുകൾക്ക് നടത്താനാകുമായിരുന്നില്ല. പാർലമെന്റ് പാസ്സാക്കിയ 73-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994ൽ കേരള നിയമസഭ കേരളാ പഞ്ചായത്തു രാജ് ആക്റ്റ് പാസ്സാക്കി. ഈ നിയമം നിലവിൽ വന്നതോടെ അതിനു മുൻപ് ഉണ്ടായിരുന്ന ഗ്രാമ പഞ്ചായത്തുകളുടെ അധികാരത്തിലും പ്രവർത്തനത്തിലും വളരെയധികം മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ ഏകദേശം 40 ശതമാനം തുക പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി കൈമാറികിട്ടി. ഇപ്രകാരം അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ സമ്പത്തിനോടൊപ്പം അതുവരെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പല അനിവാര്യ ചുമതലകളും ഗ്രാമ പഞ്ചായത്തുകൾക്കായി വിട്ടു നൽകി. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഗ്രാമ പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ സ്ഥാപനങ്ങളേയും അതാതു ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി. ഇങ്ങനെ സമ്പത്തും അധികാരവും താഴെ തട്ടിലേക്ക് കൈമാറിയതോടെ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന ശൈലിയിലും കാര്യക്ഷമതയിലും കാതലായ മാറ്റങ്ങൾ അനിവാര്യമായി വന്നു. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന ജോലികൾ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും അവ നിർവ്വഹിക്കുവാൻ പര്യാപ്തമായ ജീവനക്കർ ലഭ്യമല്ലന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

1994ലെ പഞ്ചായത്തു രാജ് ആക്റ്റ് പ്രകാരം 1995ലാണ് പുതിയ ഭരണ സമിതികൾ നിലവിൽ വന്നത്. നിയമത്തിലെ കർശന വ്യവസ്ഥ പ്രകാരം ഓരോ 5 വർഷം കൂടുമ്പോഴും പുതിയ ഭരണ സമിതികൾ നിലവിൽ വരേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് 2000ലും, 2005ലും, 2010ലും പുതിയ ഭരണ സമിതികൾ നിലവിൽ വന്നത്. 2015ൽ പുതിയ ഭരണ സമിതികൾ ചുമതലയേൾക്കുമ്പോൾ കഴിഞ്ഞ 4 ഭരണ സമിതികളും പ്രവർത്തിച്ചത് ഒരേ നിയമത്തിന്റ അടിസ്ഥനത്തിലായിരുന്നുവെങ്കിലും ഓരോ ഭരണസമിതികളുടെ കാലയളവിലും പഞ്ചായത്തുകളുടെ ഭരണപ്രവർത്തനങ്ങളിൽ വളരെയേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ മാറ്റങ്ങളെല്ലാംതന്നെ അനിവാര്യമായി വന്നത്.

പഞ്ചായത്തുകളിൽ ഭരണ സമിതിയെ സഹായിക്കുവാനായി ആദ്യ കാലഘട്ടത്തിൽ നികുതിധനകാര്യ

ഒരു പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും. പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശം ഇല്ലാത്ത അനൗദ്യോഗിക അംഗമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റിയെന്ന ഒരു സ്ററാറാൻഡിംഗ് കമ്മിറ്റി മാത്രമാണുണ്ടായിരുന്നത്.തുടർന്ന് 1999ൽ പഞ്ചായത്തു രാജ് ആക്റ്റിൽ വരുത്തിയ ഭേദഗതി പ്രകാരം 2000ൽ നിലവിൽ വന്ന പുതിയ ഭരണ സമിതിയിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമം എന്നിങ്ങനെ 3-ഉം, ജില്ലാ പഞ്ചായത്തുകളിൽ ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവുംവിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ 5-ഉം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. 2009ൽ ആക്റ്റ് വീണ്ടു ഭേദഗതി ചെയ്തതനുസരിച്ച് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യവുംവിദ്യാഭ്യാസവും എന്നിങ്ങനെ 4-ഉം, ജില്ലാ പഞ്ചായത്തുകളിൽ ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവുംവിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ 5-ഉം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. ഇപ്രകാരം നിലവിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ 4-ഉം, ജില്ലാ പഞ്ചായത്തുകളിൽ 5-ഉം സ്റ്റാന്റിംഗ് കമ്മിറ്റികളാണുള്ളത്.

ഒരു പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കും. പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശം ഇല്ലാത്ത അനൗദ്യോഗിക അംഗമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റാണ്. 30-10-2010ലെ 2405-ാം നമ്പർ അസാധാരണ ഗസ്റ്റായി വിജ്ഞാപനം ചെയ്ത 30-10-2-10ലെ സ.ഉ.(പി)244/2010/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം 2010ലെ കേരള പഞ്ചായത്തു രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ, ചട്ടം 3എ യുടെ (3) -ാം ഉപചട്ടത്തിന് ഭേദഗതി വരുത്തുകയുണ്ടായി.

പ്രസ്തുത ഭേദഗതി പ്രകാരം 2010ലെ തെരഞ്ഞെടുപ്പിനു ശേഷം ആദ്യമായി സ്ത്രീകൾക്ക് സംവരണം ചേയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ , വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസനം, ആരോഗ്യവുംവിദ്യാഭ്യാസവും എന്നീ 2 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനവുമാണ്. വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ജില്ലാ പഞ്ചായത്തുകളിൽ പൊതുമരാമത്ത്, ക്ഷേമകാര്യം എന്നീ 2 സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, അല്ലാത്തയിടങ്ങളിൽ വികസനം, ക്ഷേമം, ആരോഗ്യവുംവിദ്യാഭ്യാസവും എന്നി 3 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണംചെയ്തിട്ടുണ്ട്. 2010ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം ഇപ്രകാരം ചെയർമാൻ സ്ഥാനങ്ങൾ സംവരണം ചെയ്തുകൊണ്ട് പഞ്ചായത്തു ഡയറക്ടർ 3-11-2010ലെ ജെ3-28388/10-ാം നമ്പർ വിജ്ഞാപനവും പുറപ്പെടുവിക്കുകയുണ്ടായി. 2015ൽ നിലവിൽ വരുന്ന പുതിയ പഞ്ചായത്തു ഭരണ സമിതിയിലെ വനിതകൾക്കുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ 162-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമമനുസരിച്ച് വീതിച്ചു നൽകികൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

ഒരു പഞ്ചായത്ത് ഭരണ സമിതി ആദ്യമായി തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്നുകഴിഞ്ഞ ശേഷം അതിന്റെ പ്രസിഡന്റുവൈസ്പ്രസിഡന്റു തെരഞ്ഞടുപ്പു കഴിഞ്ഞാൽ അടുത്ത പഞ്ചായത്തു കമ്മിറ്റിയിൽ ഓരേ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ചെയർമാൻ ഉൾപ്പടെ ഉണ്ടായിരിക്കേണ്ട ആകെ അംഗസംഖ്യയെത്രയെന്ന് തീരുമാനിക്കേണ്ടതാണ്. ഇപ്രകാരം ഒരിക്കൽ തീരുമാനിക്കപ്പെട്ട അംഗസംഖ്യ ആ കമ്മിറ്റിയുടെ കാലയളവിൽ ഭേദഗതി ചെയ്യാനാവില്ല. കൂടാതെ മറ്റൊരു പ്രധാനകാര്യം പ്രസിഡന്റ് വൈസ്പ്രസിഡന്റ് ഒഴികെ തെരഞ്ഞടുക്കപ്പെട്ട ബാക്കി അംഗങ്ങളിൽ നിന്നും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും നിശ്ചയിക്കപ്പെടുന്ന അംഗസംഖ്യ ഏതാണ്ട് തുല്യമായിരിക്കുകയും വേണം. ഈ കാര്യംകൂടി പരിഗണിച്ചായിരിക്കണം സ്റ്റന്റിംഗ് അംഗങ്ങളുടെ എണ്ണം നിശ്ചയിക്കേണ്ടത്. ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന് ഒരേ സമയം ഒന്നിലധികം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമാകാനും കഴിയില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

ഓരോസ്റ്റാന്റിംഗ് കമ്മിറ്റികളും താഴെപ്പറയുന്ന പ്രകാരം ചുമതലകൾ നിർവ്വഹിക്കേണ്ടതാകുന്നു,

1. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളിൽ **ധനകാര്യ സ്റ്റാന്റിംഗ്** കമ്മിറ്റിക്കുള്ള വിഷയങ്ങൾ ധനകാര്യം, നികുതി, അക്കൗണ്ടിംഗ്, ആഡിററ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്. **വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക്** വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, സ്പേഷ്യൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യ വനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ ചുമതലയാണ് നൽകിയിട്ടുള്ളത്. **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** പട്ടികജാതി പട്ടികവർഗ വികസനം, സ്ത്രീകളുടേയും കുട്ടികളുടേയും വികസ

നം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാപ്രവർത്തനം, ചേരിപരിഷ്ക്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. **ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി** പൊതുജനാരോഗ്യവും, ശുചീകരണം, ശുദ്ധജല വിതരണം (കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യാഭ്യാസം, കലയുംസംസ്ക്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്.

2. ബ്ലോക്ക് പഞ്ചായത്തിന്റെ **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്** ധനകാര്യം, അക്കൗണ്ടിംഗ്, ആഡിറ്റ്, ബജറ്റ്, പൊതുഭരണം, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്. **വികസന സ്റ്റാന്റിംഗ് കമ്മിറ്റി**യ്ക്ക് വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി,, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി എന്നിവയാണ് നൽകിയിട്ടുള്ളത് **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** പട്ടികജാതി പട്ടികവർഗ വികസനം, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. **ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി** പൊതുജനാരോഗ്യവും, പരിസ്ഥിതി, വിദ്യാഭ്യാസം, കലയുംസംസ്ക്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതുമാണ്.

3. ജില്ലാ പഞ്ചായത്തിന്റെ **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്** ധനകാര്യം, അക്കൗണ്ടിംഗ്, ആഡിറ്റ്, ബജറ്റ്, പൊതുഭരണം, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്. **വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക്** വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി,, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, എന്നിവയാണ് നൽകിയിട്ടുള്ളത്. **പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി** പൊതുമരാമത്ത്, പാർപ്പിട സൗകര്യം, സ്പെഷ്യൽ പ്ലാനിംഗ്, പരിസ്ഥിതി എന്നിവ കൈകാര്യം ചെയ്യുന്നു. **ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി** പൊതുജനാരോഗ്യം, വിദ്യാഭ്യാസം, എന്നീ വിഷയങ്ങളും, **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** പട്ടികജാതി പട്ടികവർഗ വികസനം, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം എന്നിവയാണ് കൈകാര്യം ചെയ്യുന്നത്.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ അതാത് പഞ്ചായത്തുകളുടെ റിട്ടേണിംഗ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. റിട്ടേണിംഗ് ഓഫീസർമാർ ഓരോ സ്റ്റാന്റിംഗ കമ്മിറ്റി അംഗങ്ങൾക്കും യഥാവിധി നോട്ടീസ് നൽകിക്കൊണ്ട് ചെയർമാൻ തെരഞ്ഞെടുപ്പിനുള്ള യോഗം വിളിച്ചു ചേർക്കുന്നു. ചെയർമാൻ സ്ഥാനത്തേക്ക് മൽസരിക്കാൻ താൽപ്പര്യമുള്ള ഏതൊരു സ്ഥാനാർതിഥിയും നിർദ്ദിഷ്ട ഫോറത്തിൽ റിട്ടേണിംഗ് ഓഫീസർക്ക് നാമനിർദ്ദേക പത്രിക സമർപ്പിക്കേണ്ടതാണ്. ചെയർമാൻ സ്ഥാനത്തേക്ക് ഒരാൾ മാത്രമേ മൽസരിക്കാനുള്ളുവെങ്കിൽ വോട്ടെടുപ്പ് നടത്താതെതന്നെ ആ സ്ഥാനാർതിഥി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നു. ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതാണ്. മൽസരിക്കുന്ന സ്ഥാനാർതിഥികളുടെ പേരുകൾ ഉൾപ്പെടുത്തി നിർദ്ദിഷ്ടഫോറത്തിൽ തയ്യാറാക്കിയ ബാലറ്റ് പേപ്പർ ഹാജരുള്ള എല്ലാ അംഗങ്ങൾക്കും നൽകേണ്ടതാണ്. ഓരോ അംഗവും ബാലറ്റുപേപ്പറിൽ താൻ വോട്ടു ചെയ്യാനുദ്ദേശിക്കുന്ന സ്ഥാനാർതിഥിയുടെ പേരിനു നേരെ 'X' എന്ന അടയാളം രേഖപ്പെടുത്തിയും, ബാലറ്റുപേപ്പറിന്റെ മറുവശത്ത് തന്റെ പേരു ഒപ്പും രേഖപ്പെടുത്തിയും ബാലറ്റുപേപ്പർ ബാലറ്റുബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ സാധുവായ വോട്ടു നേടുന്ന സ്ഥാനാർത്ഥി ആ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനായി യഥാവിധി തെരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിക്കുന്നു. സ്ഥാനാർത്ഥികൾക്കു ലഭിക്കുന്ന വോട്ടുകൾ തുല്യമായി വന്നാൽ യോഗത്തിൽ വെച്ച് നറുക്കെടുപ്പിലൂടെ ചെയർമാൻ തെരഞ്ഞെടുപ്പ് നടത്തി വിജയിയെ കണ്ടെത്തുന്നു. ഒരു സ്നാർത്ഥിയുടെ പേരിനു നേരെ 'X' എന്ന അടയാളം രേഖപ്പെടുത്താത്തതോ, ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിനു നേരെ 'X' എന്ന അടയാളം രേഖപ്പെടുത്തിയതോ, ബാലറ്റു പേപ്പറിനു മറുവശത്ത് വോട്ടുചെയ്ത അംഗത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടില്ലാത്തതോ ആയ ബാലറ്റുപേപ്പറുകൾ തള്ളിക്കളയുന്നതും വോട്ട് അസാധുവാകുന്നതുമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഏതൊരു പ്രമേയവും പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ വെയ്ക്കേണ്ടതും അപ്രകാരമുള്ള പ്രമേയങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം വേണ്ട മാറ്റം വരുത്താൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. ചുരുക്കത്തിൽ, ഒരു പഞ്ചായത്തിന്റെ ഓരോ വിഷയത്തിലുമുള്ള ഭരണപരമായ കാര്യങ്ങൾ ആ പഞ്ചായത്തിലെ ആ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി ചർച്ചചെയ്യപ്പട്ട ശേഷം പാസ്സാക്കുന്ന പ്രമേയം അടുത്ത പഞ്ചായത്തു യോഗത്തിൽ ഹാജരാക്കുന്നുവെങ്കിൽ പഞ്ചായത്തു കമ്മിറ്റിയോഗങ്ങൾക്ക് കൂടുതൽ സമയലാഭവും കൃത്യതയും കൈവരിക്കാനാകുന്നതാണ്. കൂടാതെ ആക്റ്റിലും നൽകപ്പെട്ട അധികാരവും ചുമതലയും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നിറവേറ്റുന്നുവെങ്കിൽ മാത്രമേ പഞ്ചായത്തു ഭരണം കാര്യക്ഷമമാകുകയുള്ളു. ഓരോ പഞ്ചായത്തിന്റെയും ഭൂരിഭാഗം പ്രവർത്തനങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി വീതിച്ചു നൽകപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും തങ്ങളിൽ ഏൽപ്പിക്കപ്പെട്ട കടമ കൃത്യമായി നിർവ്വഹിച്ചാലേ പഞ്ചായത്തു ഭരണം കാര്യക്ഷമമാകുകയുള്ളൂവെന്ന ബോധ്യത്തോടെവേണം സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രവ്രർത്തിക്കേണ്ടത്. ◆

റിട്ട. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ

കെ.സി. ജയിംസ്

ആസൂത്രണത്തിന്റെ രീതിശാസ്ത്രം

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൂടുതലായി ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിൽ ഒന്നായിരുന്നു അധികാരത്തിന്റെ കേന്ദ്രീകരണവും അതിന്റെ ദൂഷ്യവശങ്ങളും വികസന വിഷയങ്ങളിൽ മുകൾത്തട്ടിലുള്ളവർ ഏകപക്ഷീയ മായി തീരുമാനങ്ങൾ എടുക്കുകയും ആയത് കീഴ്ഘടകങ്ങളിൽ നടപ്പിലാക്കാൻ നിർബന്ധി ക്കുകയും ചെയ്യുക എന്ന നയത്തിനെതിരായി പ്രവർത്തിച്ചു മാത്രമേ പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകൂ എന്ന തിരിച്ചറിവ് മറ്റ് ലോക രാഷ്ട്ര ങ്ങളിലെന്നപോലെ ഭാരതത്തിലും വളർന്നുവന്നു. ശക്തമായ പ്രാദേശിക ഭരണകൂടങ്ങൾ അധികാരത്തിൽ വരേണ്ടതും പ്രാദേശിക ജനതയ്ക്ക് ഭരണപ്രക്രിയയിൽ നേരിട്ട് പങ്കാളിത്തം നൽകുകയും ചെയ്യേണ്ടതുണ്ട് എന്ന ആശയത്തിന് ഇക്കാലയളവിൽ പ്രസക്തി വർദ്ധിക്കുകയും ചെയ്തു. 73,74 ഭരണഘടനാ ഭേദഗതികൾ ഭാരതത്തിൽ പങ്കാളിത്ത ജനാധിപത്യം എന്ന ആശയത്തിന് ശക്തമായ അടിത്തറ നൽകി. 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമവും അതിന് അനുസൃതമായി ചട്ടങ്ങളും നിലവിൽ വന്നതോടെ കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകമായി മാറി. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളും പ്രാദേശിക ഭരണകൂടങ്ങളിൽ സജീവമായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ പ്രാദേശിക ഭരണസംവിധാനങ്ങൾ തങ്ങളുടെ പ്രദേശത്തിന്റെ വികസന ഗതി നിർണ്ണയിക്കുന്ന ചാലക ശക്തികളായി തീർന്നു.

ആസൂത്രണവും പ്രാദേശിക സർക്കാരുകളും :

കേരളത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന വാർഷിക പദ്ധതിയും, പ്രാദേശിക സർക്കാരുകൾ തയ്യാറാക്കി അംഗീകരിച്ചു നൽകുന്ന വാർഷിക പദ്ധതിയും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയായി കണക്കാക്കുന്നത്. കേരളത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ പകുതിയോളം വകയിരുത്തൽ, പ്രാദേശിക സർക്കാരുകൾ രൂപം നൽകുന്ന പദ്ധതികളുടേതാണ്. അതുകൊണ്ടു തന്നെ ഈ പദ്ധതികളുടെ ഗുണദോഷങ്ങൾ സംസ്ഥാനത്തിന്റെ മൊത്തം വികസന ക്ഷേമ പ്രവർത്തനങ്ങളെ സ്വാധീനിക്കുമെന്ന് മനസ്സിലാക്കാം. പ്രാദേശിക സർക്കാരുകൾ തങ്ങളുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സർക്കാർ മാർഗരേഖകൾക്ക് അനുസൃതമായിട്ടാണ് നടപ്പിലാക്കിവരുന്നത്. നിലവിൽ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ നാലാം വർഷ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അഞ്ചാം വർഷ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സമയത്താണ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ നിലവിൽ വരുന്നത്. ഭരണഘടനയിലും, നിയമങ്ങളിലും, ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ പദ്ധതി ആസൂത്രണം, നിർവ്വഹണം,മോണിറ്ററിംഗ് ഓഡിറ്റിംഗ് പ്രക്രിയകളിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും, അതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകി അവരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക എന്നത് ഓരോ ജനപ്രതിനിധിയുടേയും കടമയാണ്. ആയതിലേക്കായി നിലവിലുള്ള പദ്ധതി ആസൂത്രണ പ്രക്രിയയെ ജനപ്രതിനിധികൾക്കായി പരിചയപ്പെടുത്തുകയാണ്.

മുന്നൊരുക്കപ്രവർത്തനങ്ങൾ :

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതികൾക്ക് രൂപം നൽകുകയെന്നത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ മാത്രം ചുമതലയായി കണക്കാക്കേണ്ടതില്ല. അനുഭവ സമ്പന്നരും, അർപ്പണ ബോധവുമുള്ള ഒരു കൂട്ടം സന്നദ്ധ പ്രവർത്തകരെ ഇതിലേക്കായി കണ്ടെത്താം. ഇവരെ കണ്ടെത്തേണ്ട ചുമതല അയൽസഭ/വാർഡ് സഭകൾക്കും നൽകാവുന്നതാണ്. ഇങ്ങനെ കണ്ടെത്തുന്ന സന്നദ്ധ പ്രവർത്തകരാണ് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനോ വിഷയത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയോ ആണ് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ ശുപാർശ ചെയ്യേണ്ടത്. ഈ ശുപാർശകൾ പ്രകാരം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ലിസ്റ്റ് ഭരണസമിതി അംഗികരിക്കുന്ന പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കുന്നതിനും, സ്ഥാപനത്തെ സഹായിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ പ്ലാൻ കോർഡിനേറ്ററായി നിശ്ചയിക്കുന്നു. ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും തങ്ങളുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാം; പദ്ധതി രൂപീകരണത്തിനു പുറമേ, നിർവ്വഹണം,മേൽനോട്ടം, പരിശോധനാ ചുമതലകളും വർക്കിംഗ് ഗ്രൂപ്പുകൾക്കുണ്ട്.

പഞ്ചായത്തു പ്രദേശത്തെക്കുറിച്ച് ഓരോ വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കുന്ന സ്ഥിതി വിവരക്കണക്കുകൾ, നിലവിലുള്ള പദ്ധതികളുടെ ദ്രുത വിശകലനം, അയൽ സഭകൾ/ വാർഡ്സഭകൾ നൽകുന്ന നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച്, തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ട കരട് പദ്ധതി നിർദ്ദേശങ്ങൾ, (അടങ്കൽ ഉൾപ്പെടെ) തയ്യാറാക്കൽ, ആവശ്യമെങ്കിൽ ധനകാര്യ സ്ഥാപനങ്ങൾ, സ്റ്റേക്ക് ഹോൾഡർമാർ എന്നിവരുമായി ചർച്ചകൾ നടത്തൽ എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ആദ്യഘട്ടപ്രവർത്തനങ്ങൾ. ഗ്രാമസഭയിൽ/വാർഡ്സഭയിൽ അച്ചടിച്ചു നൽകേണ്ട വിവരങ്ങൾ എഴുതി തയ്യാറാക്കേണ്ടതും, വിശദമായ പ്രൊജക്റ്റുകൾ നിശ്ചിത ഫാറത്തിൽ തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ ആണ്.

പദ്ധതി ആസൂത്രണ ഗ്രാമസഭകൾ/ വാർഡ് സഭകൾ:

വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പദ്ധതി നിർദ്ദേശങ്ങൾ എന്നിവ വിഷയ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ/ വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുകയും മുൻഗണനകൾ ഗ്രാമസഭാ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ ഓരോ വിഷയ ഗ്രൂപ്പും വികസന സെമിനാറിലേയ്ക്ക് ഒരു പ്രതിനിധിയെ വീതം നിശ്ചയിക്കുകയും ചെയ്യുന്നു.

വികസന സെമിനാർ :

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികൾ, ഗ്രാമസഭ നിശ്ചയിക്കുന്ന വികസന സെമിനാർ പ്രതിനിധികൾ, സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ടപ്രതിനിധി, എസ്.സി/എസ്.ടി പ്രമോട്ടർമാർ ധനകാര്യ സ്ഥാപന പ്രതിനിധികൾ, വിഷയ വിദഗ്ധർ തുടങ്ങിയവർ വികസന സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസൃതമായും, പഞ്ചായത്തുകളുടെ വികസന നയം, പൊതുവികസന കാഴ്ചപ്പാട് എന്നിവയെ അടിസ്ഥാനമാക്കി വികസന സെമിനാർ അന്തിമ വികസന രേഖയ്ക്ക് രൂപം നൽകുന്നു.

ഇതേ സമയം വാർഷിക പദ്ധതി കാലയളവിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന വിവിധയിനം ഫണ്ടുകൾ തിട്ടപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനപത്തിന്റെ മുൻഗണനകൾക്കനുസൃതമായി ഓരോ വിഷയമേഖലയ്ക്കും, ഓരോ വിഭാഗത്തിനും ഉള്ള ഏകദേശ വകയിരുത്തലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറക്കി ഭരണ സമിതി അംഗീകരിക്കുന്നു. വികസന സെമിനാർ അംഗീകരിച്ച അന്തിമ വികസന രേഖയിൽ ഉൾപ്പെടുത്തിയിട്ടുളള പ്രവർത്തനങ്ങൾ ഉപമേഖല അടിസ്ഥാനത്തിൽ ഓരോ പ്രൊജക്റ്റായി തയ്യാറാക്കുകയും, ഓരോ പ്രൊജക്റ്റിനുമുള്ള ഏകദേശ വകയിരുത്തലുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഓരോ പദ്ധതിയും, പദ്ധതി രൂപീകരണ മാർഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും പാലിച്ചാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. പ്രൊജക്റ്റുകൾ നിശ്ചിത ഫാറങ്ങൾ തയ്യാറാക്കിയ ശേഷം,മേഖലാ വകയിരുത്തൽ, നിർബന്ധ ഇനങ്ങൾക്കുള്ള വകയിരുത്തൽ, പരിഹാരവകയിരുത്തലുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് , ഭരണസമിതിക്ക് ശുപാർശ നൽകേണ്ടതും, ആയത് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രൊജക്റ്റും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിക്കേണ്ടതാണ്. തുടർന്ന് സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന് പദ്ധതി അന്തിമമാക്കി, ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. സ്റ്റിയറിംഗ് കമ്മിറ്റി അന്തിമമാക്കിയ പദ്ധതിയും പ്രൊജക്റ്റുകളും, ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അവതരിപ്പിക്കുന്നു.

പദ്ധതി അവതരണത്തിനുശേഷം കുറഞ്ഞത് മൂന്ന് പൂർണ ദിവസങ്ങൾക്ക് ശേഷം ചേരുന്ന യോഗത്തിലായിരിക്കണം ഭരണസമിതി അന്തിമ പദ്ധതിയ്ക്ക് അംഗീകാരം നൽകേണ്ടത്. പ്രൊജക്റ്റ് വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് അംഗീകാരം നൽകേണ്ട ഉദ്യോഗസ്ഥന് അയക്കുന്നു. ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ പദ്ധതി പൂർണ്ണ രൂപത്തിൽ ജില്ലാ ആസൂത്രണ സമിതിയ്ക്ക് അയച്ചു കൊടുക്കുകയും ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി അന്തിമമായി അംഗീകരിക്കുകയും ചെയ്യുന്നു. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ മാർഗരേഖ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി.16.11.2013) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ◆

പാടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടാണ് ലേഖകൻ

രാജേഷ് കുറുപ്പ്

സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്താൻ ക്ഷേമ പെൻഷനുകൾ

പഞ്ചായത്ത് രാജ്, നഗരപാലിക സംവിധാനങ്ങളിലൂടെ അധികാരവികേന്ദ്രീകരണപ്രക്രിയയുടെ തിരി തെളിച്ചപ്പോൾ തന്നെ ഒരു പ്രദേശത്തിന്റെ വികസനം എന്നത് ഉദ്പാദന പശ്ചാത്തല മേഖലകളിലെ വികസനം, ആസ്തി സൃഷ്ടിക്കൽ എന്നിവയ്ക്കൊപ്പം വികസനത്തിന്റെ പ്രയോജനം പാവപ്പെട്ടവർക്കും അശരണർക്കും കൂടി ലഭ്യമാക്കുക എന്നത് കൂടിയാണെന്ന് തീരുമാനിച്ചിരുന്നു. അശരണർക്കും ആലംബഹീനർക്കും സർക്കാരിന്റെ സാമൂഹ്യസുരക്ഷാപദ്ധതികളൂടെ ഗുണഫലം യഥാർത്ഥ അർത്ഥത്തിൽ സുതാര്യമായും വേഗത്തിലും എത്തിച്ചേരുക തന്നെ വേണം എന്ന കാഴ്ചപ്പാടിലൂടെയാണ് വിവിധ സർക്കാർ വകുപ്പുകളിലൂടെ നടപ്പിലാക്കിയിരുന്ന വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭ സംവിധാനം വഴി നടപ്പിലാക്കിവരുന്നത്. സുതാര്യത ഉറപ്പുവരുത്തിയും ഗുണഭോക്താക്കൾക്ക് ആനുകൂല്യ ലഭ്യത വേഗത്തിൽ ഉറപ്പുവരുത്തുന്നതിനു പെൻഷൻ ലഭിക്കാൻ പോസ്റ്റുമാനെ കാത്തുനിൽക്കുന്നതും പോസ്റ്റുമാൻ വീട്ടിൽ വരുമ്പോൾ വീട്ടിൽ ആളില്ലെങ്കിൽ പെൻഷൻ മുടങ്ങുന്നതുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി ഗുണഭോക്താവിന്റെ സൗകര്യാർത്ഥം ഗുണഭോക്താവ് തീരുമാനിക്കുന്ന പോസ്റ്റോഫീസ്/ ബാങ്ക് അക്കൗണ്ടിലേക്ക് പഞ്ചായത്ത് ഡയറക്ടർ നേരിട്ട് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇന്ന് സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ നാടിനെ ഇന്ന് സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട് എങ്കിലും പുതുതായി അർഹതാമാനദണ്ഡപരിധിയിലേക്ക് ധാരാളം ആളുകൾ കടവ്വ് വരുന്നുണ്ട്. ഇത്തരക്കാരെ കണ്ടെത്തി അർഹരായവർക്കെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിൽ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികൾക്കുള്ള പങ്ക് വളരെ വലുതാണ്. ഗ്രാമപഞ്ചായത്ത്, നഗരസഭകൾ വഴി നടപ്പിലാക്കപ്പെടുന്ന വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികളിലേക്ക് ഒരു എത്തിനോട്ടം.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

പെൻഷൻ തുക - പ്രതിമാസം- 600/- രൂപ

(80 വയസ്സ് കഴിഞ്ഞവർക്ക് പ്രതിമാസം 1200/- രൂപ)

അർഹതാമാനദണ്ഡം: കുടുംബത്തിന്റെ വാർഷിക വരുമാന പരിധി 1,00,000/-

വയസ്സ് - 60. അപേക്ഷിക്കുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള തുടർച്ചയായ മൂന്ന് വർഷം സംസ്ഥാനത്തെ സ്ഥിരതാമസമുള്ള ആൾ ആയിരിക്കണം.

ഗുണഭോക്താക്കളുടെ പേരിൽ പോസ്റ്റോഫീസിലോ ബാങ്കിലോ ഉള്ള അക്കൗണ്ട് വഴിയാണ് പെൻഷൻ തുക ലഭ്യമാക്കുന്നത്.

അപേക്ഷകനെ സംരക്ഷിക്കുവാൻ കുടുംബത്തിൽ ആരും ഇല്ലായെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ അടിസ്ഥാനത്തിൽ ആണ് പെൻഷൻ അനുവദിക്കുന്നത്.

അനാഥാലയത്തിലെ അന്തേവാസികൾക്കോ യാചകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കോ മറ്റ് ഏതെങ്കിലും സംസ്ഥാനത്തിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ മറ്റ് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവർക്കോ അർഹതയുണ്ടായിരിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.

നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർക്ക് 50 വയസ് പൂർത്തീകരിക്കുന്ന മുറയ്ക്ക് അധികരിച്ച നിരക്കിൽ പെൻഷൻ അനുവദിക്കും.

പ്രായപൂർത്തിയായ ആൺ മക്കൾ ഉണ്ടെങ്കിലും അവരുടെ സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്.

വിധവാ പെൻഷൻ

പെൻഷൻ തുക: പ്രതിമാസം 800/- രൂപ (01.4.2014 മുതൽ)

അർഹതാമാനദണ്ഡം: അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായ 2 വർഷം സംസ്ഥാനത്തെ താമസക്കാരായിരിക്കണം അപേക്ഷകൻ. വിധവകൾക്കും വിവാഹമോചനം നേടിയ സ്ത്രീകൾക്കും, ഏഴ് വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവും ഇല്ലാത്ത സ്ത്രീകൾക്കും വിധവാ

പെൻഷന് അപേക്ഷിക്കാം. (വിധവ പുനർവിവാഹിത ആയാൽ തുടർന്ന് പെൻഷൻ അനുവദിക്കുന്നതല്ല). സ.ഉ. (കൈ) 02/2008. സാ.ക്ഷേ.വ. തീയതി 16.10.2008 പ്രകാരം, 20 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കൾ ഉള്ളവർക്കും പെൻഷന് അർഹതയുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭയിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ നിരസിച്ചാൽ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

വികലാംഗപെൻഷൻ

പെൻഷൻ തുക: പ്രതിമാസം 800/- രൂപ

വൈകല്യം 80 ശതമാനവും അതിനുമുകളിൽ ഉള്ളവർക്ക് 1100/- രൂപ.

അർഹതാമാനദണ്ഡം: കുടുംബത്തിന്റെ വാർഷികവരുമാന പരിധി 1,00,000 രൂപ (കുടുംബത്തിന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ മാതാവ് പിതാവ് ഭാര്യ ഭർത്താവ് എന്നിവരുടെ മാത്രം വരുമാനമാണ് കണക്കാക്കുന്നത്.) മന്ദ്, ബധിരത, അന്ധത, മൂകത, അംഗഭംഗം എന്നീ വൈകല്യങ്ങൾ ഉള്ളവർക്ക് അപേക്ഷിക്കാം. മാനസിക വൈകല്യം ഉള്ളവർക്കും (I.Q.50-ൽ താഴെ) അപേക്ഷിക്കാം. വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കണം. അപേക്ഷാതീയതിക്ക് മുമ്പുള്ള തുടർച്ചയായ 2 വർഷം സംസ്ഥാനത്തെ സ്ഥിരതാമസക്കാരായിരിക്കണം. കുടുംബത്തിൽ ആർക്കെങ്കിലും സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ അത് കുടുംബത്തിന്റെ വരുമാനമായി കണക്കാക്കേണ്ടതില്ല.

50 വയസ്സ് കഴിഞ്ഞ അവിവാഹിതയായ സ്ത്രീകൾക്കുള്ള പെൻഷൻ

പെൻഷൻ തുക: പ്രതിമാസം 800 രൂപ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 50 വയസ്സ് കഴിഞ്ഞ അവിവാഹിതയായ വനിതകൾക്കു സാമ്പത്തിക ആശ്വാസം നൽകുന്ന പദ്ധതിയാണ് ഇത്.

അർഹതാമാനദണ്ഡം: കുടുംബത്തിന്റെ വാർഷിക വരുമാനം 1,00,000 രൂപയിൽ അധികരിക്കരുത്. സംസ്ഥാനത്തെ സ്ഥിരതാമസക്കാരി ആയിരിക്കണം. 50 വയസ്സിനുമേൽ പ്രായമുള്ളതും എന്നാൽ വിവാഹം കഴിക്കാതെ തന്നെ കുട്ടികൾ ഉള്ളവരുമായ അമ്മമാർക്കു അപേക്ഷിക്കാം. മറ്റേതെങ്കിലും തരത്തിൽ പെൻഷൻ ലഭിക്കുന്നവർക്ക് ഈ പെൻഷൻ ലഭിക്കാൻ അർഹതയില്ലാത്തതാണ്. അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ്.

പെൻഷൻ ലഭിക്കുന്നവർ 2 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് താൻ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം

അനുവദിക്കുന്ന തുക- ഒറ്റ തവണയായി 3,0000 രൂപ.

വിവാഹതീയതിക്ക് ഒരു മാസം മുമ്പ് നിശ്ചിത മാതൃകയിൽ ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് വിവാഹം നിശ്ചയിച്ചതു സംബന്ധിച്ച് പ്രതിശ്രുതവരന്റെ സത്യവാങ്മൂലം വിവാഹിതയാകുന്ന പെൺകുട്ടി കഴിഞ്ഞ മൂന്നു വർഷക്കാലമായി സംസ്ഥാനത്ത് സ്ഥിരതാമസക്കാരിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖ പരേതൻ അപേക്ഷകയുടെ നിയമാനുശ്രിത ഭർത്താവാണെന്നും വധുവിന്റെ പിതാവാണെന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം. വിവാഹതീയതിയിൽ പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം. വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. കുടുംബവിഹിതമോ, മാതാവിന്റേയോ, പിതാവിന്റേയോ ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിലുള്ള വസ്തു, ആഭരണം, പണം എന്നിവയുടെ മൂല്യം 50,000 രൂപയിൽ അധികരിക്കരുത്. വിധവ സ്ഥിരബുദ്ധിയില്ലാത്ത ആളാണെങ്കിലോ. വിവാഹത്തിനുമുമ്പ് വിധവ മരിച്ചു പോകുകയോ ചെയ്താൽ വിവാഹത്തിന്റെ ചുമതല ഏറ്റെടുക്കുന്ന വ്യക്തിക്ക് മതിയായ ഈടിൻമേൽ ധനസഹായം കൈപ്പറ്റാവുന്നതാണ്.

എല്ലാ ക്ഷേമപെൻഷൻ ഗുണഭോക്താക്കളും ആധാർ തിരിച്ചറിയൽ രേഖ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് അവരുടെ പേരിലുള്ള പോസ്റ്റോഫീസ്/ബാങ്ക് അക്കൗണ്ട് വഴിയാണു പെൻഷൻ തുക നൽകുന്നത്.

അപേക്ഷകൻ വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റ് വില്ലേജ് അധികാരികളിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

കർഷക തൊഴിലാളി പെൻഷൻ

പെൻഷൻ തുക : പ്രതിമാസം -600/- രൂപ

അർഹതാ മാനദണ്ഡം : കുടുംബത്തിന്റെ വാർഷിക വരുമാനം 11,000/- ൽ അധികരിക്കരുത്. 60 വയസ്സ് പൂർത്തീകരിച്ചിരിക്കണം. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരിക്കണം. അപേക്ഷ തീയതിക്കുമുമ്പുള്ള തുടർച്ചയായ 10 വർഷക്കാലം സംസ്ഥാനത്തെ സ്ഥിര താമസക്കാരനായിരുന്നിരിക്കണം

ആവശ്യമായ രേഖകൾ : നിശ്ചിത മാതൃകയിലുള്ള അപേക്ഷ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള സാക്ഷ്യ പത്രം, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, സ്ഥിരതാമസ്സ സർട്ടിഫിക്കറ്റ്, 10 വർഷത്തിൽ കുറയാത്ത കാലയളവിൽ ഭൂ ഉടമയുടെ കൃഷിഭൂമിയിലോ അതോടനുബന്ധിച്ചോ ഉള്ള ജോലിയോ മറ്റേതെങ്കിലും കൃഷിപ്പണിയോ കൂലിക്കുവേണ്ടി ചെയ്യുകയും അയാളുടെ ഉപജീവനമാർഗം പ്രധാനമായും ഈ കൂലിയെ ആശ്രയിച്ചുള്ളതുമായ ആളെ ആണ് കർഷക തൊഴിലാളി ആയി കണക്കാക്കുന്നത്

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം കണക്കാക്കുന്നതിന് ആവശ്യമെന്നു തോന്നുന്ന പക്ഷം തദ്ദേശ ഭരണ സ്ഥാപനത്തിന് വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്

1951 ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിലുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കർഷക തൊഴിലാളി പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല

അപേക്ഷകൻ, വൃദ്ധർക്കും അവശർക്കും രോഗികൾക്കും സംരക്ഷണം നൽകുന്ന ഏതെങ്കിലും സ്ഥാപലത്തിന്റെ സംരക്ഷണത്തിൽ കഴിയുന്ന ആളാണെങ്കിൽ കർഷകതൊഴിലാളി പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല

അപേക്ഷകൻ ക്ഷയം /കുഷ്ടം/ കാൻസർ എന്നിവക്കൊഴികെ, കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടേയോ , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയോ ഏതെങ്കിലും ധനസഹായം ലഭിക്കുന്ന ആളായിരിക്കരുത്. ◆

ചുനക്കര ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റും ഐ.എം.ജി. ട്രെയിനിംഗ് കോർഡിനേറ്ററും ആണ് ലേഖകൻ

സുദേനൻ എസ്.

സിവിൽ രജിസ്ട്രേഷൻ സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ

സിവിൽ രജിസ്ട്രേഷൻ സംവിധാനം ഒരു നൂറ്റാണ്ടിലേറെയായി ഇന്ത്യയിൽ വ്യവസ്ഥാപിതമായ സംവിധാനത്തിനു കീഴിൽ ജനനങ്ങളുടേയും മരണങ്ങളുടേയും സ്ഥിരവും തുടർച്ചയായതുമായ റിക്കാർഡിംഗ് സാധ്യമാക്കുന്നു. കേന്ദ്ര ആക്ടായ 1969 ലെ ജനന-മരണ രജിസ്ട്രേഷൻ (RBD) ആക്ട് പ്രകാരം രാജ്യത്ത് ജനന-മരണ രജിസ്ട്രേഷനു വേണ്ടി നിലവിലുണ്ടായിരുന്ന വ്യത്യസ്ത നിയമ വ്യവസ്ഥകളുടെ പരിമിതികളെ മറികടക്കാൻ സാധിച്ചു. ഈ ആക്ട് എല്ലാ ജനന മരണ രജിസ്ട്രേഷൻ സംവിധാനങ്ങളേയും ഏകീകരിക്കുകയും രാജ്യത്ത് ജനനങ്ങളുടേയും മരണങ്ങളുടേയും രജിസ്ട്രേഷൻ നിർബന്ധിതമാക്കുകയും ചെയ്തു.

ഒരു വ്യക്തിയുടെ ജീവിതത്തെ നിർവ്വചിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളാണ് ജനനവും മരണവും വിവാഹവും . അവ ഒരു വ്യക്തിയുടെ നിയമപരമായ നിലനിൽപ്പിന്റെ വിവരങ്ങൾ മാത്രമല്ല. വ്യക്തി ഉൾപ്പെടുന്ന ജന സമൂഹത്തിന്റെ പൂർണ്ണമായ വിവരങ്ങൾ ഉൾകൊള്ളിക്കാനുള്ള ഉറവിടവും കൂടിയാണ്. ജനനം-മരണം-വിവാഹം എന്നീ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ തദ്ദേശ സ്ഥാപനങ്ങളിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ജനന-മരണ-വിവാഹ സർട്ടഫിക്കറ്റുകൾ അവ നടന്നതിന്റെ പ്രധാനരേഖ മാത്രമല്ല, അവ നടന്ന സ്ഥലത്തിന്റേയും തീയതിയുടേയും തെളിവു കൂടിയാണ്.

സംസ്ഥാനത്ത് കാര്യക്ഷമമായി ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് സുപ്രധാന പങ്കുവഹിക്കാൻ കഴിയും. അവർ പ്രതിനിധാനം ചെയ്ത വാർഡുകളിലെ പൊതു ജനങ്ങൾക്കിടയിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷന്റെ ആവശ്യകതയെ കുറിച്ചും രജിസ്ട്രേഷന്റെ പ്രാധാന്യത്തെയും പ്രയോജനത്തെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ വർധിച്ച ഉപയോഗം എന്നിവയെപ്പറ്റിയും ബോധവൽകരണം നടത്താവുന്നതാണ്. ഇതിനായി അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച സ്ഥിര സമിതി മുഖേന വാർഡ് തലത്തിൽ അവബോധം സൃഷ്ടിക്കുകയാണെങ്കിൽ വിട്ടുപോയ സംഭവങ്ങൾ കണ്ടെത്തി രജിസ്ട്രേഷൻ നടത്തി പൊതുജനങ്ങളെ സഹായിക്കാൻ സാധിക്കും. നിയമം മൂലം ലഭ്യമായ സൗകര്യങ്ങൾ ഉപയുക്തമാക്കുവാൻ ജനങ്ങളെ സഹായിക്കുന്നതിനായി ഇതിലൂടെ ജനപ്രതിനിധികൾക്ക് കഴിയുന്നതാണ്.

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ജീവനക്കാർ എന്നിവർക്കിടയിൽ ഇന്നും ചില അവ്യക്തതകൾ നിലനിൽക്കുന്നു.തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനന-

മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ കുറ്റമറ്റ രീതിയിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള ആശങ്ക, ബുദ്ധിമുട്ടുകൾ ഒരു പരിധി വരെ പരിഹരിക്കുന്നതിനും വേണ്ടി സർക്കാർ കാലകാലങ്ങളിൽ ഈ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ക്രോഡീകരിച്ചും ചീഫ് രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടേയും സഹായത്താലാണ് പുതുതായി തദ്ദേശസ്ഥാപനങ്ങളിൽ അധികാരത്തിലേയ്ക്കെത്തുന്ന ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കുമായി ഈ ലേഖനം തയ്യാറാക്കിയിട്ടുള്ളത്.

ജനന മരണങ്ങൾ അവ നടന്ന് 21 ദിവസങ്ങൾക്കകമാണ് റിപ്പോർട്ടു ചെയ്യേണ്ടത്. അതിനുശേഷം 30-ാം ദിവസം വരെ റിപ്പോർട്ടു ചെയ്യുന്നവ 2 രൂപ ലേറ്റ് ഫീ ഒടുക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം റിപ്പോർട്ട് നൽകേണ്ട അവസാന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം The General Clauses Act,1897, Section 10 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അവസാന ദിവസമായി കണക്കാക്കുന്നതാണ്.

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) മുതൽ (ഇ) വരെ ഖണ്ഡങ്ങളിൽ ഉൾപ്പെടാത്ത ഒരു മരണം സംബന്ധിച്ച് ഒരു ഇൻക്വസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത മരണം ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ടു ചെയ്യണമെന്ന് 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 6 (2) -ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത് വീടുകളിലും ആശുപത്രി, ജയിൽ, ലോഡ്ജ്, ഹോസ്റ്റൽ തുടങ്ങിയ സ്ഥാപനങ്ങളിലും നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പടെയുള്ള എല്ലാ മരണങ്ങളും മേൽപ്പറഞ്ഞ വകുപ്പ് പ്രകാരം ചുമതലയുള്ള വ്യക്തികളും (ഗൃഹനാഥനോ സ്ഥാപനങ്ങളുടെ ചുമതലക്കാരോ) മറ്റുള്ള സ്ഥലങ്ങളിൽ നടക്കുന്ന മരണങ്ങൾ പോലീസ് ഓഫീസറും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസുകളിൽ 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6(1) പ്രകാരം, മരണശേഷം വാഹനം നിർത്തപ്പെടുന്ന താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ബന്ധപ്പെട്ടവ ഫാറം 2-ലുള്ള മരണ റിപ്പോർട്ട് നൽകേണ്ടതും, വാഹനത്തിൽ വച്ച് മരണം സംഭവിച്ചതാണെന്നും വാഹനം നിർത്തിയത് ഏതു സ്ഥലത്താണെന്നും വിശദമാക്കുന്ന സത്യവാങ്മൂലം നൽകേണ്ടതുമാണ്. പ്രസ്തുത മരണം സൂചന (2)ലെ വ്യവസ്ഥകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

മറ്റ് സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ പ്രസ്തുത മരണം സംഭവസ്ഥലത്ത് രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ സർക്കാറിന്റെ 16.10.2012ലെ 18161/RD3/12/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 8,9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്തു നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

കാണാതായ വ്യക്തികളുടെ മരണ രജിസ്ട്രേഷൻ ആളെ കാണാതായി 7 വർഷത്തിനുശേഷം ടിയാൾ മരണപ്പെട്ടതായി പ്രഖ്യാപിക്കുന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. കോടതി ഉത്തരവിൽ കാണാതായ തീയതി സൂചിപ്പിച്ചിട്ടില്ലെങ്കിൽ അന്യായക്കാരൻ കോടതിയെ സമീപിച്ച തീയതി മരണം നടന്ന തീയതിയായി കണക്കാക്കാവുന്നതാണ്.

കൃത്രിമ ഗർഭധാരണത്തിലൂടെയും എ.ആർ.ടി, ഐ.വി.എഫ് (In Vitro Fertilization)) ഗർഭപാത്രം വാടകയ്ക്ക് എടുക്കുന്നതിലൂടെയും (സറോഗസി) ജനിക്കുന്ന കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷനിൽ ജനിതക മാതാപിതാക്കളുടെ പേരാണ് രേഖപ്പെടുത്തേണ്ടത്.

ഐ.വി.എഫ് (In Vitro Fertilization)/എ.ഐ.ഡി(Artificial Insemination of Donor Semen) എന്നിവയിലൂടെ ജനിച്ച, മാതാവ് മാത്രം പാരന്റായുള്ള കുട്ടികളുടെ കാര്യത്തിൽ പിതാവിന്റെ പേര് എഴുതാനുള്ള കോളം ഒഴിച്ചിടേണ്ടതാണ്. കുട്ടി മേൽപറഞ്ഞ സാങ്കേതിക വിദ്യയിലൂടെ ജനിച്ചതാണെന്ന് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തണം.

യഥാസമയം റിപ്പോർട്ട് നൽകുന്ന (21 ദിവസത്തിനകം) സംഭവങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാലുടൻ വിവരം അറിയിക്കുന്നയാൾക്ക് സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ യാതൊരു ചാർജ്ജും/ഫീസും കൂടാതെ നിർബന്ധമായും നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നിലവിലുള്ള യൂണിറ്റുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ചും അതുസംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, വിവരം നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്.

ആദിവാസി കോളനികളിൽ നടക്കുന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കുട്ടികളുടെ ജനനതീയതി സംബന്ധിച്ച് മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുത്ത് രജിസ്ട്രേഷൻ നടത്താവുന്നതാണ്. കൂടാതെ പട്ടികവർഗ പ്രദേശങ്ങളിൽ നടക്കുന്ന ജനന മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല അതാത് പ്രദേശങ്ങളിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കും ഫോറസ്റ്റ് ഗാർഡുമാർക്കും നൽകിയിട്ടുണ്ട്.

30 ദിവസത്തിനകം റിപ്പോർട്ടു ചെയ്യാത്ത ജനന-മരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ) അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. ആക്ട് നിലവിൽ

വന്ന 01.04.1970 നു മുമ്പുള്ള ജനന മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10-ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജനന-മരണ രജിസ്ട്രാർ നൽകേണ്ടതാണ്. ജനന സ്ഥലം അല്ലെങ്കിൽ മരണ സ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളൂ എന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടില്ല.

ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനന തീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് കുട്ടിയുടെ ജനന സമയത്തെ താമസ സ്ഥലം, ജനന സ്ഥലം; മരിച്ചയാളുടെ മരണ സമയത്തെ താമസസ്ഥലം, മരണസ്ഥലം മുതലായവ തെളിയിക്കുന്നതിനുള്ള രേഖകൾ നിർബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിഷ്കർഷിക്കേണ്ടതാണ്.റേഷൻകാർഡ്, സ്കൂൾരേഖ മുതലായവ തെളിവായി സ്വീകരിക്കാവുന്നതാണ്. ഇതിനു പുറമേ, അപേക്ഷയുടെ നിജസ്ഥിതി രജിസ്ട്രാർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു തെളിവും ഹാജരാക്കാൻ അപേക്ഷകന് സാധിച്ചില്ലെങ്കിൽ പോലീസ് അന്വേഷണത്തിനു ശേഷം മാത്രമേ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ. 01.01.2000 മുതൽ പ്രാബല്യത്തിൽ വന്ന 1999 ലെ ചട്ടങ്ങളിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകളും ഫാറവും ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഏതെങ്കിലും പ്രത്യേക ആവശ്യത്തിലേക്കായി പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. സർട്ടിഫിക്കറ്റിൽ എന്താവശ്യത്തിലേക്ക് നൽകുന്നു എന്ന് രേഖപ്പെടുത്തേണ്ടതില്ല.

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത സംഭവം മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകാമെന്ന് സംശയം തോന്നുന്ന സംഗതികളിൽ ഒരു ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖാമൂലം മറുപടി നൽകേണ്ടതാണ്. ജനന/മരണ രജിസ്ട്രേഷന് അനുമതി നൽകുന്നതിനുള്ള അന്വേഷണത്തിന്റെ ഭാഗമായി സബ് ഡിവിഷനൽ മജിസട്രേറ്റുമാർ(ആർ.ഡി.ഒമാർ) ആവശ്യപ്പെടുന്ന സംഗതികളിലും ഇപ്രകാരം മറുപടി നൽകേണ്ടതാണ്. എന്നാൽ, ഇപ്രകാരം ജനനം/മരണം/രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി നൽകുന്നത് ചട്ടം 13 (3) പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആയി പരിഗണിക്കാൻ പാടില്ലാത്തതാണ്.

ജനനമരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മേൽപ്പറഞ്ഞ വിവരം ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട രജിസ്ട്രാർ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(തുടരും)

പഞ്ചായത്ത് ഡയറക്ടറേറ്റിൽ സിവിൽ രജിസ്ട്രേഷൻ വിഭാഗം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനാണ് ലേഖകൻ

◆

സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ ഇ- ഗവേർണൻസ്

അബ്ദുൽ ബഷീർ.പി.കെ

ഡിജിറ്റൽ ഇന്ത്യക്കു മുൻനിയിൽ അതിവേഗം ബഹുദൂരം കേരളം കുതിക്കുന്നു. വിവര സാങ്കേതിക വിദ്യാ ഉപയുക്തമാക്കി ഭരണ നിർവ്വഹണ രംഗത്ത് വിപ്ലവമായി മാറിക്കൊണ്ടിരിക്കുന്ന ഇ-ഗവേർണൻസ് നടപ്പാക്കുന്നതിൽ ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്തേക്കാളും ഉന്നത നിലവാരം കേരളം പുലർത്തിവരുന്നു. ഇതിനുള്ള അംഗീകാരമായാണ് ഏറ്റവും നല്ല പഞ്ചായത്തിരാജ് സംസ്ഥാനമായി കേരളം കഴിഞ്ഞ വർഷം തെരഞ്ഞെടുക്കപ്പെട്ടത്.

കേരളത്തിലെ പഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ടതായ സേവനങ്ങൾ കൃത്യതയോട് കൂടി സമയ ബന്ധിതമായി നൽകുന്നതിനും, പ്രാദേശിക സർക്കാരുകളുടെ ആസൂത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമാക്കുന്നതിനും, പ്രാദേശിക വിഭവ സമാഹരണം കുടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രദേശിക സർക്കാരുകളിൽ നിന്നും സംസ്ഥാന സർക്കാരിലേക്ക് ലഭ്യമാക്കേണ്ട വിവരങ്ങൾ കൃത്യതയോട് കൂടി സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും പഞ്ചായത്തുകളുടെ കംപ്യൂട്ടർ വൽക്കരണത്തിലൂടെ സാധിച്ചിട്ടുണ്ട്.

പ്രാദേശിക സർക്കാരുകളുടെ കംപ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന സോഫ്റ്റ് വെയറുകൾ ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.

1. 'സുരേഖ'

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കുന്ന വിവിധ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽ തുമ്പിൽ എത്തിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന വെബ്സൈറ്റാണ് 'സുരേഖ'. ജനനമരണവിവാഹ സർട്ടിഫിക്കേറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, തദ്ദേശസ്ഥാപനങ്ങളിൽ നൽകിയിട്ടുള്ള അപേക്ഷയിൽ ഫയൽ നീക്കം അറിയാനുള്ള സൗകര്യം, വസ്തുനികുതി ഇ-പേയ്മെന്റ് സംവിധാനം, ഉടമസ്ഥാവകാശ സർട്ടിഫിക്കേറ്റ്, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, വാർഷിക പദ്ധതി പ്രോജക്റ്റുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ സുരേഖയുടെ വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ അഭിപ്രായവും നിർദ്ദേശങ്ങ



ളും അറിയിക്കുന്നതിനായി സാമൂഹ്യ മാധ്യമങ്ങളും സുരേഖയിൽ ലഭ്യമാക്കിയിട്ടുണ്ട്.

'സുരേഖ' ലഭ്യമാക്കുന്നതിനായി http://surekha.ikm.in/ എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക.

2. 'സൂചിക'

പൊതുജനങ്ങൾ പഞ്ചായത്തുകളിൽ നൽകുന്ന അപേക്ഷകൾ, പരാതികൾ, നിവേദനങ്ങൾ എന്നിവയ്ക്ക് ആയതിന്റെ സേവനം ലഭ്യമാകുന്ന തീയ്യതി കാണിച്ച് കൊണ്ടുള്ള കംപ്യൂട്ടർ നിയന്ത്രിത നമ്പറോട് കൂടിയുള്ള രശീതി നൽകുന്നതിന് സൂചിക സോഫ്റ്റ് വെയർ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലേയും ഫ്രണ്ട് ഓഫീസുകളിൽ വിന്യസിച്ചു പ്രവർത്തനക്ഷമമാക്കി. അപേക്ഷകൾ, പരാതികൾ, നിവേദനങ്ങൾ എന്നിവയെല്ലാം തന്നെ ഡിജിറ്റൽ റെക്കോർഡുകളാക്കി മാറ്റി കടലാസ് രഹിതമായി ഫയലുകൾക്ക് തീർപ്പു കൽപ്പിക്കുന്നതിനും ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങൾക്ക് എസ്.എം.എസായി അറിയിക്കുന്നതിനുള്ള സംവിധാനവും, ടച്ച് സ്ക്രീൻ സംവിധാനവും സൂചിക സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകേണ്ടതായ സേവനങ്ങൾ നീതിപൂർവ്വമായും, സമയ ബന്ധിതമായും കൃത്യതയോടും കൂടി ലഭിക്കുന്നു എന്നതും, ഫയലുകൾ കാണാതാവുന്ന അല്ലെങ്കിൽ നഷ്ടപ്പെടുന്ന അവസ്ഥ പൂർണ്ണമായും ഇല്ലാതെയായി എന്നുള്ളതും സൂചികയുടെ നേട്ടങ്ങളാണ്.

3. 'സുലേഖ'

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനും, പ്രോജക്റ്റുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതി വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുമായിട്ടുള്ള വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ.

നേട്ടങ്ങൾ: പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രമ സഭ നിർദ്ദേശിക്കുന്ന പ്രൊജക്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വളരെ എളുപ്പത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് സാധിച്ചു. മാസങ്ങളോളം ആവശ്യമായിരുന്ന പ്രക്രിയ ദിവസങ്ങൾ കൊണ്ട് തന്നെ ചെയ്യുന്നതിന് സാധിച്ചു. മനുഷ്യാധ്വാനം വളരെ അധികം കുറയ്ക്കാൻ സാധിച്ചു. കടലാസുകളുടെ ഉപയോഗം ഏകദേശം പൂർണ്ണമായും ഇല്ലാതായതിനാൽ കോടിക്കണക്കിന് രൂപയുടെ പ്രദേശിക വിഭവത്തിൻറെ നഷ്ടം ഒഴിവാക്കാൻ സാധിച്ചു. പ്രാദേശിക സർക്കാരുകളുടെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി ഓരോ തലത്തിലുമുള്ള ജനപ്രധിനിധികൾക്കും ജീവനക്കാർക്കും അവലോകനം ചെയ്യുന്നതിന് സാധിച്ചു. സംസ്ഥാന തലത്തിൽ മന്ത്രിമാർക്കും നിയമസഭാ സാമാജികർക്കും, തദ്ദേശ സ്വയംഭരണ വകുപ്പിനും, സംസ്ഥാന ആസൂത്രണ ബോർഡിനും, വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ സമിതിക്കും മറ്റ് ഇതര ഡിപ്പാർട്ട്മെൻറുകൾക്കും പ്രാദേശിക സർക്കാരുകളുടെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും സാധിച്ചു.

4. 'സേവന'

1970 മുതലുള്ള ജനനമരണ വിവാഹ രജിസ്ട്രേഷൻ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സേവന സോഫ്ട്വെയറിലൂടെ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകൾ, 6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ, കണ്ണൂർ കന്റോൺമെന്റ് ഉൾപ്പെടെയുള്ള 1044 രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കുന്നു. സംസ്ഥാനത്ത് ജനനമരണവിവാഹ



രജിസ്ട്രേഷനുകളുടെ മുൻകാല രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് കഴിഞ്ഞിരിക്കുന്നു എന്നത് സംസ്ഥാനത്തെ വിവരസാങ്കേതിക വളർച്ചയുടെ മികവുറ്റ സംഭാവനയായി കണക്കാക്കാം. 1970 നു ശേഷമുള്ള ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാൻ www.surekha.ikm.in എന്ന വെബ്സൈറ്റ് സജ്ജമാണ്. ഈ സർട്ടിഫിക്കറ്റുകൾക്ക് ഒപ്പോ സീലോ ആവശ്യമില്ലാത്തതും ഏതു ഗവൺമെന്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ അപൂർണ്ണവും നശിച്ചുപോയതുമായ രജിസ്ട്രേഷൻ വിവരങ്ങൾ ഈ സംവിധാനത്തിൽ ലഭ്യമല്ല.

5. 'സേവന പെൻഷൻ' (ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ)

സംസ്ഥാന സർക്കാരിന്റെ പ്രമുഖ പദ്ധതികളിലൊന്നായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ Direct BeneRt Transfer മുഖേന അർഹരായവർക്ക് നേരിട്ട് അവരവരുടെ അക്കൗണ്ടുകളിലേക്ക് എത്തിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കി. ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നിവയാണ് ഈ സ്കീമിലൂടെ വിതരണം ചെയ്യുന്നത്. ബാങ്ക് അക്കൗണ്ട് വഴിയും പോസ്റ്റ് ഓഫീസ് അക്കൗണ്ടു വഴിയുമാണ് പെൻഷൻ വിതരണം നടത്തുന്നത്. എന്നാൽ ഇതിനു ബുദ്ധിമുട്ടുള്ളവർക്ക് ഇലക്ട്രോണിക് മണി ഓർഡർ വഴിയും പെൻഷൻ തുക എത്തിച്ചുകൊടുക്കുന്നുണ്ട്. പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് ഉപയോഗിക്കുന്നത്

6. 'സഞ്ചയ' വസ്തു നികുതി ഡിജിറ്റൈസേഷൻ

കേരളത്തിലെ പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും ഒരു കോടി ഇരുപത് ലക്ഷത്തിൽപരം വസ്തുനികുതി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. http://tax.lsgkerala.gov.in എന്ന വെബ് സൈറ്റിൽ വാർഡ് നിലവിൽ വന്ന വർഷവും, കെട്ടിടത്തിന്റെ വാർഡ് നമ്പറും, ഡോർ നമ്പറും നൽകിയാൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും. നിലവിലെ കെട്ടിട നികുതിയുടെ വിവരങ്ങളും, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ നികുതിയുടെ വിവരങ്ങളും, കെട്ടിടത്തിനു നൽകിയിരിക്കുന്ന വിവിധ കെട്ടിട നമ്പറുകളും ഏകീകൃത കെട്ടിട നമ്പറിലേക്ക് (UPIN-Unique Property Identification Number) ബന്ധിപ്പിച്ചാണ് ഡിജിറ്റൈസ് ചെയ്തിരിക്കുന്നത്. ഇപേയ്മെന്റായി വസ്തുനികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. 2015-16 വർഷത്തിൽ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുമുള്ള വസ്തു നികുതി ഇ-പേയ്മെന്റായി ഒടുക്കുന്നതിനുള്ള സംവിധാനം ഇതിലൂടെ ലഭ്യമാകുന്നതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ തൊഴിൽ നികുതി, ലൈസൻസിംഗ്, പരസ്യനികുതി, വിനോദ നികുതി മുതലായവ കണക്കാക്കുന്നതിനും ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളിൽ ആവശ്യമായ പരിശീലനം നൽകി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. നികുതി പിരിവുകൾ നെറ്റ്ബാങ്കിംഗ് വഴിയാക്കുക എന്ന പ്രക്രിയയ്ക്കു തുടക്കമിടാനും ഇന്റർനെറ്റ് അധിഷ്ഠിത ഹാൻഡ്ഹെൽഡ് ഉപകരണങ്ങൾ വഴി ഭവനങ്ങളിൽ പോയി നികുതി പിരിക്കുവാനുള്ള സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങുവാനും കഴിഞ്ഞിട്ടുണ്ട്.

7. 'സാംഖ്യ'

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾക്ക് അനുസൃതമായി ഡബിൾ എൻട്രി അടിസ്ഥാനത്തിൽ അക്രുവൽ അക്കൗണ്ടിംഗ് സമ്പ്രദായത്തിന് വേണ്ടി സാംഖ്യ സോഫ്റ്റ് വെയർ തയ്യാറാക്കി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും വിന്യസിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ട്.

നേട്ടങ്ങൾ: പഞ്ചായത്തുകളുടെ വരവ് ചെലവ് കണക്കുകൾക്ക് കൃത്യത കൈവരിക്കാൻ സാധിച്ചു. സമയബന്ധിതമായി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് നൽകുന്നതിനും നിയമപ്രകാരമുള്ള കാലയളവിൽ തന്നെ ആഡിറ്റ് പ്രക്രിയ പൂർത്തീകരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചു.

8. 'സങ്കേതം'

'സങ്കേതം' ആപ്ലിക്കേഷനിലൂടെ കെട്ടിട നിർമ്മാണ പെർമിറ്റിനു വേണ്ടി തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനവും, എഞ്ചിനീയറുമാരുടെയും സൂപ്പർവൈസർമാരുടെയും രജിസ്ട്രേഷൻ പ്രക്രിയയും കെട്ടിട നിർമ്മാണ അപേക്ഷകളുടെ തത്സമയ പരിശോധനയും, ഇലക്ട്രോണിക് രൂപത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്/പൂർത്തീകരണ സർട്ടിഫിക്കറ്റ്/ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് തുടങ്ങിയവ നല്കുന്നതിനുള്ള സംവിധാനവും, ബിൽഡിംഗ് ആപ്ലിക്കേഷൻ ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് എന്നിവ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനവും വികസിപ്പിച്ചു. കേരളത്തിലെ മുഴുവൻ നഗരസഭകളിലും കോർപ്പറേഷനുകളിലും, ചില ഗ്രാമ പഞ്ചായത്തുകളിലും 'സങ്കേതം' സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതും പെർമിറ്റ് നല്കുന്നതും.

9. 'സ്ഥാപന'

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്നതിനു വേണ്ടി വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന സോഫ്റ്റ് വെയറാണ് സ്ഥാപന. സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ച് ബില്ലുകൾ തയ്യാറാക്കിയാണ് ജീവനക്കാർക്ക് ശമ്പളം നല്കി വരുന്നത്. കൂടാതെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കൈകാര്യം ചെയ്യുന്നത് സ്ഥാപന പി എഫ് മോഡ്യൂൾ ആണ്.

10. 'സചിത്ര'

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കി വിന്യ

സിച്ച സോഫ്റ്റ് വെയർ. സചിത്ര സോഫ്റ്റ് വെയർ വഴി കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും ആസ്ഥി വിവരങ്ങൾ ഡിജിറ്റലായി തയ്യാറാക്കി.

സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ സ്ഥാനീയമായ കൃത്യതയോടെ തുടർന്നുള്ള എല്ലാ വികസന പ്രക്രിയകളുടേയും ആധാരമാക്കാനുതകുന്ന ഒരു ജി.ഐ.എസ്സ് ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി സചിത്ര ജി.ഐ.എസും വികസിപ്പിച്ചിട്ടുണ്ട്.

11. 'സകർമ്മ'

ഗ്രാമസഭ മുതൽ പ്രദേശിക ഭരണ സ്ഥാപനത്തിൻറെ മുഴുവൻ യോഗങ്ങളുടെയും അജണ്ടകളും അജണ്ടകുറിപ്പുകളും നടപടിക്രമങ്ങളും രേഖപ്പെടുത്തുന്നതിനും മിനുട്ട്സ് തയ്യാറാക്കുന്നതിനും വേണ്ടി വികസിപ്പിച്ച് വിന്യസിച്ച സോഫ്റ്റ് വെയറാണ് സകർമ്മ. മെമ്പർമാക്ക് ചോദ്യങ്ങൾ നൽകുന്നതിനും, പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ നടപടിക്രമങ്ങൾ മൊബൈൽ ആപ് വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

12. 'സുഗമ'

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പണികളുടെ എസ്ററിമേറ്റ്, മെഷർമെന്റ്, ബില്ല് എന്നിവ തയ്യാറാക്കുന്നതിനായി സി.പി.ഡബ്ള്യു.ഡി റേറ്റുകളുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ച സോഫ്റ്റ് വെയർ

13. 'സുഭദ്ര'

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റ് തയ്യാറാക്കുന്നതിനായി വികസിപ്പിച്ച സോഫ്റ്റ് വെയറാണ് സുഭദ്ര

14. 'സംവേദിത'

തദ്ദേശ ഭരണ വകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റാണ് സംവേദിത, തദ്ദേശ ഭരണ വകുപ്പിൻറെ വെബ്സൈറ്റിലെ ഉള്ളടക്കം വകുപ്പിന്റെ നിർദ്ദേശത്തിന് വിധേയമായി ഇൻഫർമേഷൻ കേരള മിഷനും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലെ ഉള്ളടക്കം അതാത് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാരുമാണ് നിയന്ത്രിക്കുന്നത്.

15. 'സമന്വയ'

മുകളിൽ പ്രസ്ഥാവിച്ച മുഴുവൻ സോഫ്റ്റ് വെയറുകളുടെയും സമന്വയമാണ് സമന്വയ. സമന്വയുടെ ആദ്യപേജിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള പ്രധാന വാർത്തകളും അറിയിപ്പുകളും , പൊതുജനങ്ങൾക്കുള്ള സേവനങ്ങളുമാണ് ഉൾപ്പെടുത്തിയത്. ഒഫീഷ്യൽ ലോഗിൻ എന്ന വിഭാഗത്തിൽ ഓഫീസ് ഉപയോഗത്തിനായുള്ള മുഴുവൻ സോഫ്റ്റ് വെയറുകളും പ്രസ്തുത സോഫ്റ്റുവെയറുകളുടെ പഠനത്തിനും പരിശീലത്തിനുമുള്ള മോഡ്യൂളുകളും സഹായികളേയുമാണ് ഉൾപ്പെടുത്തിയത്. http:/samanwaya.ikm.in എന്ന വെബ് വിലാസത്തിൽ സമന്വയ ലഭ്യമാണ്.

16. 'സമഗ്ര'

തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി തയ്യാറാക്കിയ ആൻഡ്രോയിഡ് മൊബൈൽ അപ്ലിക്കേഷനാണ് സമഗ്ര. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്ത് സമഗ്ര ഉപയോഗിക്കാവുന്നതാണ്. ജനനമരണവിവാഹ സർട്ടിഫിക്കറ്റുകളും വിവാഹ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കെട്ടിടനികുതി വിവരങ്ങൾ, ഇ-പേയ്മെന്റ്, ഫയൽ നിജസ്ഥിതി അറിയൽ മുതലായ സേവനങ്ങൾ സൗജന്യമായി സമഗ്രയിലൂടെ ലഭ്യമാണ്.

17. 'സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം'

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഗവണ്മെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി വികസിപ്പിച്ചിട്ടുള്ള സങ്കേതമാണ് സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം. ഇതു നടപ്പാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെ വിവരങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കുകയും വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡുകൾ നല്കുകയും ചെയ്യും. വിദ്യാർത്ഥികളുടെ ദൈനംദിന ഹാജർ രേഖപ്പെടുത്തുകയും ഹാജരാകാത്തവരുടെ വിവരങ്ങൾ രക്ഷകർത്താക്കളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് സംവിധാനം വഴി അയക്കുന്നതുമാണ്. പരീക്ഷകളുടെയും മറ്റു പ്രവർത്തനങ്ങളുടെയും വിവരങ്ങളും പ്രോഗ്രസ് റിപ്പോർട്ടുകളും എസ്.എം.എസ് വഴിയും ഇമെയിൽ വഴിയും രക്ഷകർത്തായക്കളിൽ എത്തിക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതുണ്ട്. ◆

ഐ.കെ.എം. ടീം ലീഡറാണ് ലേഖകൻ

ഡോ. വിനോദ് എസ്.

ഗ്രാമ വികസന ക്ഷേമപ്രവർത്തനങ്ങളിൽ സോഷ്യൽ ഓഡിറ്റിന്റെ പങ്ക്

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകൾ ശക്തമായതോടെ ആസൂത്രണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം സാധ്യമാക്കാൻ കഴിഞ്ഞു. പക്ഷേ പദ്ധതികളുടെ നടത്തിപ്പിലും പ്രവർത്തന മേൽനോട്ട കാര്യങ്ങളിലും നിർവ്വഹണ ശേഷമുള്ള പരിശോധനയിലും കാര്യമായ ജനപങ്കാളിത്തം ഇപ്പോഴും കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല. ഒരു പദ്ധതിയുടെ ആസൂത്രണം മുതൽ നിർവ്വഹണത്തിലും മേൽനോട്ടകാര്യങ്ങളിലും പദ്ധതി പൂർത്തീകരിച്ചതിനു ശേഷമുള്ള ആഡിറ്റിംഗ് തുടങ്ങിയ എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം സാധ്യമായാൽ മാത്രമേ സദ്ഭരണ തത്വങ്ങളിലെ അടിസ്ഥാന തത്വമായ 'ജനപങ്കാളിത്തം' സാധ്യമാക്കാൻ നമുക്ക് കഴിയു. ജനപങ്കാളിത്തം ആസൂത്രണത്തിൽ മാത്രമല്ല വേണ്ടത് പദ്ധതികളുടെ നിർവ്വഹണത്തിലും, മേൽ നോട്ടകാര്യങ്ങളിലും കൂടാതെ അവലോകനത്തിലും ആഡിറ്റിംഗ് അനിവാര്യമായ കാര്യമാണ് ഇത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ഇന്ന് പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന അയൽ സഭകളുടേയും പ്രവർത്തന കമ്മറ്റികളുടെയും കാര്യക്ഷമമായ പ്രവർത്തനഫലമായി ഗ്രാമസഭകൾ വഴി ജനോപകാരപ്രദമായ പദ്ധതികൾ ജനങ്ങൾ തന്നെ നേതൃത്വം നൽകികൊണ്ട് രൂപപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. അത്തരം പദ്ധതികൾ കാര്യക്ഷമമായ രീതിയിൽ നടത്തപ്പെടേണ്ടത് ഉത്തരവാദിത്തപ്പെട്ട ഭരണ സംവിധാനത്തിന്റെ കടമയാണ്. ഈ കടമകൾ നിറവേറ്റപ്പെടേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ട് കൊണ്ട് സർക്കാർ തന്നെ നയരൂപീകരണ പ്രവർത്തനങ്ങളിൽ ചർച്ചകൾ നടത്തി ജനകീയ മേൽനോട്ട സമിതികൾക്ക് രൂപം കൊടുക്കുകയും ചെയ്തു കഴിഞ്ഞു. ഇതൊക്കെ ഭരിക്കുന്ന സർക്കാരിന്റേയും ഭരിക്കപ്പെടുന്നവരുടേയും നേട്ടങ്ങൾ തന്നെയാണ്. എന്നിരുന്നാലും അധികാര വികേന്ദ്രികരണത്തിന്റെ മേൻമകൾ നമ്മൾ പറഞ്ഞ് നടക്കുന്നതോടൊപ്പം ഒരു കാര്യം ഓർമ്മയിൽ കൊണ്ടു വരുന്നത് നല്ലതാണ്. 1996 മുതലുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ഇന്നും മാറ്റത്തിന്റെ വെളിച്ചം പതിക്കാത്ത ചില മേഖലകളും ചില വിഭാഗങ്ങളും നമുക്ക് കാണാൻ കഴിയും. ഇതിനർത്ഥം ഇപ്പോഴും നമ്മൾ നൂറ് ശതമാനവും കുറ്റമറ്റ രീതിയിലുള്ള ആസൂത്രണ നിർവ്വഹണ സംവിധാനത്തിലേക്ക് എത്തിയിട്ടില്ല, അല്ലെങ്കിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യക്ഷമതയും പ്രതിബദ്ധതയും വളർത്തിക്കൊണ്ടു വരാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് തന്നെയാണ്. ഈ സന്ദർഭത്തിലാണ് സോഷ്യൽ ആഡിറ്റ്, വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി, ജാഗ്രതാ സമിതികൾ എന്നവ പോലുള്ള തെറ്റ് തിരുത്തൽ സംവിധാനത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്. സോഷ്യൽ ആഡിറ്റ് ഇന്ന് സമൂഹത്തിൽ വളരെയധികം പ്രാധാന്യമുള്ള സംവിധാനമായി മാറി കഴിഞ്ഞിട്ടുണ്ട്. അതിനു പ്രധാനകാരണം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ കാര്യങ്ങളിലും മേൽനോട്ട കാര്യങ്ങളിലും

കണക്കുകളുടെ പരിശോധനയി ലും തുടങ്ങി പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളിലുമുള്ള ശക്തമായ ഇടപെടലുകൾ തന്നെയാണ്. അഴിമതിക്കെതിരെ ശക്തമായി പ്രവർത്തിച്ചുകൊണ്ട് സർക്കാർ വകുപ്പുകളുടെ സേവന പ്രാധാന്യം ശക്തിപ്പെടുത്താനും സംവിധാനത്തോട് പ്രതിബദ്ധത കൂട്ടാനുള്ള ഒരു ഉപാധികൂടിയായി സോഷ്യൽ ആഡിറ്റ് മാറീയിരിക്കുന്നു.

ഒരു പൊതു സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ അല്ലെങ്കിൽ ഒരു ഗവൺമെന്റ് പദ്ധതിയുടെ നടത്തിപ്പിലൂടെ അതിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ എത്രത്തോളം സാധിച്ചു, അതിലൂടെയുണ്ടായ സാമൂഹ്യനേട്ടം, പ്രസ്തുത സ്ഥാപന ത്തിന്റേയും പദ്ധതിയുടേയും സാമൂഹ്യ പ്രസക്തി എന്നിവയെ പറ്റി സമൂഹവും, സേവനത്തിന്റെ അവകാശികളും നേരിട്ട് നടത്തുന്ന ജനകീയ അന്വേഷണവും, കണക്കെടുപ്പും പരിശോധനയും വിലയിരുത്തുന്നതാണ സോഷ്യൽ ആഡിറ്റ്.

സോഷ്യൽ ആഡിറ്റ് കൊണ്ടുള്ള നേട്ടങ്ങൾ

1. സർക്കാർ സ്ഥാപനങ്ങളുടെയോ വകുപ്പുകളുടേയോ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും സേവന മേഖലയിൽ അവയുടെ യശസ്സ് ഉയർത്തി കാട്ടുന്നതിനും സാധിക്കും.
2. തല്പര കക്ഷികളുടെ താല്പര്യങ്ങൾ, കാഴ്ചപ്പാടുകൾ, പ്രതീക്ഷകൾ തുടങ്ങിയ കാര്യങ്ങൾ നയരൂപീകരണ സമയം അധികാരികളുടേയോ ബന്ധപ്പെട്ട സർക്കാരുകളുടെ മുമ്പിലോ എത്തിക്കുന്നതിന് കഴിയുന്നു.
3. സംഘടനാതലത്തിൽ മെച്ചപ്പെട്ട മാറ്റം കൊണ്ടുവരുന്നതിന് സാധിക്കുന്നു.
4. സത്യസന്ധതയും വസ്തുതാപരവുമായ വിവര വിനിമയം സാധ്യമാകുന്നത് വഴി സർക്കാരിനോടും ബന്ധപ്പെട്ട വകുപ്പുകളോടുമുള്ള പ്രതിബദ്ധത കൂടുന്നതിനും സാധിക്കുന്നു.
5. ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് സർക്കാർ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനും പുനർ മൂല്യനിർണ്ണയത്തിനും വഴിയൊരുക്കുന്നു.
6. സർക്കാരിന്റെ ഓരോ വകുപ്പുകൾക്കും സാമൂഹിക വിഷയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തിക്കൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു.
7. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പിക്കുന്നതിനും അതിലൂടെ ധനവിനിയോഗം യഥാർത്ഥ ആവശ്യത്തിലേക്കാണോ എന്ന് പരിശോധിക്കുന്നതിനും കഴിയുന്നു.
8. പാഴ്ചെലവ് നിയന്ത്രിക്കാൻ സാധിക്കുന്നു.
9. അഴിമതിരഹിത പദ്ധതി നിർവ്വഹണം സാധ്യമാകുന്നു.
10. ഭരണ നിലവാരം ഉയർത്താൻ സഹായകമാകുന്നു.
11. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ശാകതീകരണം സാധ്യമാകുന്നു.
12. ഭരണ നിർവ്വഹണത്തിലെ അടിസ്ഥാന മൂല്യങ്ങളായ സുതാര്യത, പങ്കാളിത്തം, കൂടിയാലോചന ഉത്തരവാദിത്വം സത്യസന്ധത എന്നിവ വ്യവസ്ഥാപി തമാക്കാൻ കഴിയുന്നു.

ലക്ഷ്യം

1. ആവശ്യങ്ങൾ കൃത്യമായി മനസിലാക്കുക.
2. ആവശ്യങ്ങൾക്ക് അനുസൃതമായി വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുക
3. ശരിയായ രീതിയിലുള്ള ധനവിനിയോഗം സാധ്യമാക്കുക.
4. ഉദ്ദേശ്യലക്ഷ്യങ്ങളെ പൂർണ്ണമായും ഉൾകൊണ്ടുള്ള വികസന പ്രവർത്തനമാണെന്ന് ഉറപ്പാക്കുക.
5. സേവനപ്രധാനം ഗുണമേന്മയുള്ളതാണെന്ന് ഉറപ്പ് വരുത്തുക.
6. വികസന – ക്ഷേമ കാര്യങ്ങളുടെ നടത്തിപ്പ് അഴിമതി വ്യക്തമാക്കുക.
7. ഭരണ സംവിധാനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും കാര്യക്ഷമത കൂട്ടുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

എവിടെയാണ് സോഷ്യൽ ആഡിറ്റ് നടത്തേണ്ടത്?

ജനങ്ങൾ നൽകുന്ന പണം ജനങ്ങൾക്ക് വേണ്ടി ചെലവിടുമ്പോൾ അത് ശരിയായി തന്നെയാണോ

ജനങ്ങൾ നൽകുന്ന പണം ജനങ്ങൾക്ക് വേണ്ടി ചെലവിടുമ്പോൾ അത് ശരിയായി തന്നെയാണോ ചെലവിട്ടത് എന്ന് നേരിട്ട് നിരീക്ഷിക്കുവാനും ജനങ്ങൾക്ക് അവകാശമുണ്ട്. നാളിതുവരെ സർക്കാർ പണം വിനിയോഗിക്കുന്നത് നിരീക്ഷിക്കുന്നത് ഉദ്യോഗസ്ഥർ തന്നെയാണ്.

ചെലവിട്ടത് എന്ന് നേരിട്ട് നിരീക്ഷിക്കുവാനും ജനങ്ങൾക്ക് അവകാശമുണ്ട്. നാളിതുവരെ സർക്കാർ പണം വിനിയോഗിക്കുന്നത് നിരീക്ഷിക്കുന്നത് ഉദ്യോഗസ്ഥർ തന്നെയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോർമെൻസ് ആഡിറ്റ് ഇവയൊക്കെ ഫയലിൽ തെറ്റ് കണ്ടുപിടിച്ച് ഫയലിലൂടെ പരിഹാരം നേടുമ്പോൾ ധനവിനിയോഗം നേരിട്ട് നിരീക്ഷിച്ച് അതിന്റെ ഗുണഭോക്താക്കൾ തന്നെ ശരി തെറ്റ് വിലയിരുത്തുന്നതാണ് സോഷ്യൽ ആഡിറ്റ്.

സർക്കാർ ധനം വിനിയോഗിച്ചതിന് ഉദ്ദേശിച്ച ഫലസിദ്ധി ഉണ്ടായോ, ഇതിൽ വിഭാവനം ചെയ്തിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായും വേണ്ട അളവിലും ലഭിച്ചോ, നിയമത്തിലെ ഏതെങ്കിലും അവകാശം നിഷേധിക്കപ്പെട്ടോ, ഏതെങ്കിലും നിർവ്വഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, ഏറ്റെടുത്ത പ്രവർത്തികൾ പദ്ധതി വിഭാവനം ചെയ്ത പ്രതീക്ഷിത ഫലം നൽകിയോ, ചുമതലക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായോ എന്നൊക്കെ പരസ്യമായി ഗുണഭോക്താക്കളും ഉദ്യോഗസ്ഥരും നാട്ടുകാരും നിഷ്പക്ഷമതികളും കൂടിയിരുന്ന ചർച്ച ചെയ്ത് വീഴ്ചകൾ ചൂണ്ടിക്കാണിക്കാനും വീഴ്ച വരുത്തിയവരെ തുടർനടപടികൾക്ക് വിധേയമാക്കുവാനും സോഷ്യൽ ആഡിറ്റ് വിഭാവനം ചെയ്യുന്നു.

ദേശീയ പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ഏതൊരു വികസന ക്ഷേമ പദ്ധതിയേയും ആഡിറ്റിന് വിധേയമാക്കാവുന്നതാണ്. പദ്ധതിയുടെ ലക്ഷ്യത്തിലൂന്നിയ ആസൂത്രണവും ശരിയായ രീതിയിലുള്ള പ്രവർത്തന വിലയിരുത്തലും ധന വിനിയോഗവും നിർവ്വഹണ ശേഷമുള്ള പരിശോധനയും ജനപങ്കാളിത്തത്തോടെ വിശകലന വിധേയമാക്കുന്നതിലൂടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും അഴമതി രഹിത പദ്ധതി നിർവ്വഹണവും അതിലുപരി ജനങ്ങൾക്കും സർക്കാരിനോടും വകുപ്പുകളോടുമുള്ള സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുവാനും കഴിയും.

ഒരു പദ്ധതി സോഷ്യൽ ആഡിറ്റിന് വിധേയമാക്കുമ്പോൾ പ്രധാനമായും ചുവടെ പറയുന്ന കാര്യങ്ങൾ മുന്നിൽ കൊണ്ടുവരേണ്ടതാണ്.

1. ആസൂത്രണ ഘട്ടം (ആവശ്യാധിഷ്ടിത സമീപനം പാലിച്ചോ എന്ന് അറിയുന്നതിനും ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ടോ എന്നും മനസ്സിലാക്കുന്നതിനു വേണ്ടി)
2. പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുന്ന ഘട്ടം (പ്രവർത്തന കലണ്ടറിൽ ആവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നതിന്)
3. പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഘട്ടം (പ്രവർത്തന പുരോഗതി മനസിലാക്കാൻ)
4. പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനു ശേഷം (പ്രവർത്തികളുടെ ഗുണമേന്മ തിട്ടപ്പെടുത്തുന്നതിന്)

പ്രധാന ഘടകങ്ങൾ

സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ചുവടെ പറയുന്ന ഘടകങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് ഇടപെടേണ്ടതാണ്.

1. സാമ്പത്തിക ഘടകം
2. രാഷ്ട്രീയ ഘടകം
3. പാരിസ്ഥിതിക ഘടകം
4. ആരോഗ്യ - വിദ്യാഭ്യാസ ഘടകം
5. സമൂഹിക ഘടകം

സോഷ്യൽ ആഡിറ്റിന്റെ പ്രധാന ഘട്ടങ്ങൾ

പ്രധാനമായും ആറ് ഘട്ടങ്ങളാണ് സോഷ്യൽ ആഡിറ്റ് പ്രക്രിയയിൽ ഉള്ളത്.

1. സോഷ്യൽ ആഡിറ്റ് നടത്താനുദ്ദേശിക്കുന്ന മേഖല നിശ്ചയിക്കൽ :- സ്ഥാപനം, പദ്ധതി, പ്രവൃത്തികൾ ഇത്തരം കാര്യങ്ങളെകുറിച്ചുള്ള അവബോധം ഉണ്ടായിരിക്കണം. ലക്ഷ്യങ്ങൾ കൈകൊണ്ട തന്ത്രങ്ങൾ, കൈവരിച്ച നേട്ടങ്ങൾ, അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് കൃത്യമായി അറിഞ്ഞിരിക്കണം.

2. തൽപ്പര കക്ഷികളെ തിരിച്ചറിയലും അവരോട് അഭിപ്രായം തേടലും ചർച്ചയും:-

പദ്ധതി തുടക്കം മുതൽ പൂർത്തീകരണം വരെയുള്ള കാര്യങ്ങളിൽ അവരുടെ പങ്കാളിത്തത്തെ കുറിച്ച് ചോദിച്ച് മനസ്സിലാക്കാം. നയരൂപീകരണ വേളയിൽ അവരുടെ പങ്ക് ഉണ്ടായിട്ടുണ്ടോ? തീരുമാനങ്ങൾ കൈകൊണ്ടിരിക്കുന്നത് ജനകീയമായിട്ടാണോ? തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിലും നടത്തിപ്പിലും പങ്കാളിത്തം ഉണ്ടായിരുന്നോ തുടങ്ങിയവ ചോദിച്ച് മനസിലാക്കാം. പ്രാധാന തല്പരകക്ഷികളായി (സ്റ്റേക്ക് ഹോൾഡർ) ഗുണഭോക്താക്കൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിത സംഘടനനേതാക്കൾ, ധനകാര്യ സ്ഥാപന മേലധികാരികൾ എന്നിവരെ ഇതിലേക്ക് തിരഞ്ഞെടുക്കാം.

3. പ്രധാന പ്രശ്നങ്ങളെ തിരിച്ചറിയലും വിവരശേഖരണവും :-

പദ്ധതിയുടെ എല്ലാ തലത്തിലേയും പ്രവർത്തനങ്ങളെ വിശകലന വിധേയമാക്കി കൊണ്ടാവണം പ്രശ്നങ്ങളെ കണ്ടെത്താൻ ശ്രമിക്കേണ്ടത്. പ്രശ്നങ്ങളെ കണ്ടെത്തിയാൽ മാത്രം പോര, വസ്തുതാപരമായ തെളിവുകൾ ശേഖരിക്കണം, അത് സർക്കാർ നയത്തിനെതിരാണോ എന്ന് പരിശോധിക്കണം കൂടാതെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ എങ്കിൽ എത്രമാത്രം പ്രതീക്ഷിത ഫലത്തിൽ പ്രതിഫലിച്ചിട്ടുണ്ട് എന്നു നോക്കേണ്ടതുണ്ട്. സോഷ്യൽ ആഡിറ്റിന് രണ്ട് തരത്തിലുള്ള വിവരശേഖരണമാണുള്ളത്, ഒന്ന് പ്രാഥമിക വിവരങ്ങൾ അത് തൽപരകക്ഷികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും നേരിട്ടുള്ള സംഭാഷണങ്ങളിലൂടെ കിട്ടുന്ന വിവരം, രണ്ടാമത്തേത് സർക്കാർ ഡോക്യുമെന്റുകളിൽ നിന്നും റിപ്പോർട്ടുകളിൽ നിന്നും പരിശോധനയിലൂടെ കിട്ടുന്ന വിവരങ്ങൾ.

4. സോഷ്യൽ ആഡിറ്റ് കണ്ടെത്തലുകളുടെ പരിശോധന :-

ആവശ്യാനുസരണം ലഭ്യമായ വിവരങ്ങളെ വിഷയ സ്വഭാവം അനുസരിച്ച് തരം തിരിച്ച് ക്രോഡീകരിക്കുകയും പൊതുജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഭൗതീക പരിശോധനകൾ വേണ്ടി വരുന്ന സാഹചര്യത്തിൽ പ്രവർത്തി സ്ഥല പരിശോധനയും വിവര ശേഖരണവും വീണ്ടും നടത്താവുന്നതാണ്.

5. പൊതു ജനങ്ങളുമായുള്ള മീറ്റിംഗ്

പൊതുജന താൽപര്യവും അഭിപ്രായവും മനസിലാക്കുന്നതിനു വേണ്ടിയാണ് മീറ്റിംഗ് പ്രധാനമായും സംഘടിപ്പിക്കുന്നത്. പ്രധാന കണ്ടെത്തലുകൾ ചർച്ചയ്ക്കു വിധേയമാകേണ്ടതാണ്. മീറ്റിംഗിൽ ഉയർന്നു വരുന്ന ചോദ്യങ്ങൾ സംശയങ്ങൾ എന്നിവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകേണ്ടതാണ്. പൊതുജനങ്ങളുമായുള്ള മീറ്റിംഗ് പ്രത്യേക ലക്ഷ്യത്തോടെയുള്ളത്. ആയതിനാൽ ഇത്തരം മീറ്റിംഗുകളിൽ മറ്റ് കാര്യങ്ങൾ ചർച്ച ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. സോഷ്യൽ ആഡിറ്റ് മീറ്റിംഗ് വിളിച്ച് ചേർക്കൽ

മേൽപ്പറഞ്ഞ പ്രവർത്തന ഘട്ടങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ സോഷ്യൽ ഓഡിറ്റ് മീറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്തായിരിക്കണം സോഷ്യൽ ഓഡിറ്റ് മീറ്റിംഗ് നടത്തേണ്ടത്. ബന്ധപ്പെട്ട റിപ്പോർട്ടുകളും അനുബന്ധരേഖകളും ഉദ്യോഗസ്ഥർ മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സോഷ്യൽ ഓഡിറ്റും

തൊഴിലുറപ്പ് നിയമത്തിലെ 17-ാം സെക്ഷൻ ഒന്നു മുതൽ മൂന്ന് വരെയുള്ള ഉപസെക്ഷനുകൾ സോഷ്യൽ ആഡിറ്റിന് നിയമ പിൻബലം നൽകുന്നു. 17(1) പഞ്ചായത്തിനകത്തെ പ്രവർത്തികളുടെ നടത്തിപ്പിനെക്കുറിച്ച് ഗ്രാമസഭ പരിശോധിക്കുന്നു. 17(2) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടന്ന എല്ലാ പ്രവർത്തികളെ കുറിച്ചും ഗ്രാമസഭ സ്ഥിരമായി സോഷ്യൽ ഓഡിറ്റ് നടത്തണം. 17(3) ഗ്രാമസഭയിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന എല്ലാ രേഖകളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിരിക്കണം. (മസ്റ്റർറോൾ, ബില്ലുകൾ, വൗച്ചറുകൾ, മെഷർമെന്റ്, ബുക്ക്, അനുമതി രേഖകളുടെ പകർപ്പ്). സംസ്ഥാനസർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O.M-S. No. 2952/2007/LSGD/dt. 31-10-2007). ഗ്രാമസഭകൾ ആണ് സോഷ്യൽ ആഡിറ്റ് വേദികൾ. ഗ്രാമസഭാ സോഷ്യൽ ആഡിറ്റ് ആറ് മാസത്തിലൊരിക്കൽ കർശനമായും നടത്തിയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഗ്രാമസഭയാണ് സോഷ്യൽ ഓഡിറ്റ് ടീമിനെ തെരെഞ്ഞെടുക്കേണ്ടത്. സോഷ്യൽ ഓഡിറ്റ് ടീമിലെ അംഗങ്ങളിൽ ചുരുങ്ങിയത് 50% എങ്കിലും സ്ത്രീകളായിരിക്കണം. വാർഡിലെ ജനസംഖ്യയ്ക്കാനുപാതികമായ പ്രാധിനിത്യം പട്ടികജാതി / പട്ടികവർക്ഷ വിഭാഗങ്ങൾക്ക് ടീമിൽ ഉറപ്പുവരുത്തേണ്ടതാണ്.

പ്രധാനമായും നാല് തരം സോഷ്യൽ ആഡിറ്റാണ് നിർദ്ദേശിച്ചിട്ടുളളത്. വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺകറന്റ് സോഷ്യൽ ആഡിറ്റ്, ഗ്രാമസഭാ സോഷ്യൽ ആഡിറ്റ്, പഞ്ചായത്ത്/ ജില്ലാതലത്തിൽ മാസ്സ് സോഷ്യൽ ആഡിറ്റ്, ചില പ്രത്യേക സ്ഥലങ്ങളിൽ നിശ്ചിത ലക്ഷ്യത്തോടെ സ്പെഷ്യൽ സോഷ്യൽ ആഡിറ്റ്.

ഇതിൽ ഗ്രാമസഭാ സോഷ്യൽ ആഡിറ്റ് ആറ് മാസത്തിലൊരിക്കൽ കർശനമായും നടത്തിയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

ആദ്യം ഗ്രാമസഭ കൂടി ഒരു സോഷ്യൽ ആഡിറ്റ് ടീമിനെ തിരഞ്ഞെടുക്കുന്നു. ഇതിന്റെ അധ്യക്ഷൻ വാർഡിന് പുറത്തുള്ള ആളായാരിക്കണം. റിപ്പോർട്ട് തയ്യാറാക്കാൻ പ്രാപ്തിയുള്ള ഒരാളെ സെക്രട്ടറിയായി നിയോഗിച്ചിരിക്കണം. ഇവർ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് ഫയലുകൾ പരിശോധിച്ചും, പ്രവൃത്തികൾ പരിശോധിച്ചും തൊഴിലാ

വിവിധങ്ങളായ പദ്ധതികളുടെ മികച്ച രീതിയിലുള്ള പ്രവർത്തനത്തിനും, മേൽനോട്ടത്തിനും, മൂല്യനിർണ്ണയത്തിനും അത് കൂടാതെ സുതാര്യതയും പ്രതിബദ്ധതയും വളർത്തുവാനും സമൂഹം നേരിട്ട് നടത്തുന്ന പരിശോധന – സോഷ്യൽ ഓഡിറ്റ് സഹായകമാകുന്നു എന്നതിൽ സംശയമില്ല. ഇന്ന് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിൽ വിവിധങ്ങളായ വികസന ക്ഷേമ പദ്ധതികൾ കൂടാതെ ഗ്രാമ വികസന വകുപ്പുകളിലും സോഷ്യൽ ഓഡിറ്റ് മെച്ചപ്പെട്ട രീതിയിലുള്ള സമീപനം കാഴ്ച വച്ചിട്ടുണ്ട്.

ളികളും, നാട്ടുകാരും, പ്രവൃത്തിയുടെ ഗുണഭോക്താക്കളും, ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മറ്റുമായി ചർച്ച ചെയ്ത് പദ്ധതി നിർവ്വഹണത്തിന്റെ ശക്തി ദൗർബല്യങ്ങൾ വിലയിരുത്തിയും പോരായ്മകൾ ചൂണ്ടികാണിച്ചും, വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥരെ പേരെടുത്ത് പറഞ്ഞും അവകാശങ്ങൾ നിഷേധിക്കപ്പെട്ടത് ഉയർത്തിക്കാണിച്ചും ഒരു റിപ്പോർട്ട് തയ്യാറാക്കുന്നു.

ഈ റിപ്പോർട്ട് പഞ്ചായത്തിന്റെ അഭിപ്രായത്തിനായി നല്കുന്നു. താല്പര്യമുള്ള മറ്റ് സന്നദ്ധ സംഘടനകൾക്കും റിപ്പോർട്ടിന്റെ പകർപ്പ് നൽകാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ന്യായീകരണവും അഭിപ്രായങ്ങളും സഹിതമുള്ള റിപ്പോർട്ട് മുൻകൂട്ടി നോട്ടീസ് നൽകി വിളിക്കുന്ന സോഷ്യൽ ആഡിറ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നു. റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള ചുമതല സോഷ്യൽ ആഡിറ്റ് ടീം അദ്ധ്യക്ഷനാണ്.

ഈ യോഗത്തിന്റെ നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നത് ആദ്യ ഗ്രാമസഭയിൽ നിശ്ചയിച്ച് തീരുമാനിച്ച ഒരു പാനൽ ആണ്. ഈ പാനലിന്റെ അധ്യക്ഷൻ പഞ്ചായത്തിന് വെളിയിലുള്ള ആളായിരിക്കണം. ഈ പാനലിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു എൻജിനീയറും ഉണ്ടായിരിക്കും.

സദസ്സിൽ തൊഴിലാളികളും നാട്ടുകാരും ഇരിക്കുമ്പോൾ വേദിയിൽ തന്നെ ഒരു പ്രത്യേക സ്ഥലത്ത് പദ്ധതി നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരും ഇരിപ്പുണ്ടാകും.

സോഷ്യൽ ആഡിറ്റ് ടീം അദ്ധ്യക്ഷൻ ഓരോ നിരീക്ഷണവും വായിക്കുന്നു. ഉദാഹരണത്തിന് പഞ്ചായത്തിൽ തൊഴിൽ കാർഡ് 14 ദിവസത്തിനകം നൽകാത്ത സ്ഥിതി വിശേഷം കണ്ടു. ഇതിൽ സെക്രട്ടറിയുടെ വീഴ്ചയുണ്ട്. എന്നാൽ പദ്ധതിയുടെ തുടക്കത്തിലുണ്ടായ പ്രശ്നം ആയതിനാൽ സെക്രട്ടറിയെ കുറ്റക്കാരനായി ചിത്രീകരിക്കുന്നത് ഒഴിവാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്പോൾ സദസ്സിൽനിന്ന് വേണമെങ്കിൽ ഒരാൾ എഴുന്നേറ്റ് പറയാം പദ്ധതിയുടെ തുടക്കത്തിലല്ല ഇപ്പോഴും ഒരു മാസമായാലും കാർഡ് ലഭിക്കാറില്ല. പ്രിസൈഡിംഗ് പാനൽ ഇതിൻമേൽ പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം ആരായുന്നു. ഇത് മൂന്നും കേട്ടിട്ട് പ്രിസീഡിയം ഒരു തീരുമാനം പ്രസ്താവിക്കുന്നു. ഉദാഹരണം സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ചയുണ്ട്. മാതൃകാപരമായി ശിക്ഷാനടപടികൾ സ്വീകരിക്കണം.

ഈ തീരുമാനം പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കേണ്ടതും ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്ത് നടപടി സ്വീകരിച്ചുവെന്ന് തൊട്ടടുത്ത സോഷ്യൽ ആഡിറ്റ് ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്തിരിക്കേണ്ടതാണ്.

ഇവിടുത്തെ പ്രധാന നേട്ടം എന്തെന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്ത അവകാശങ്ങളും ആനുകൂല്യങ്ങളും ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് അത് നിഷേധിക്കപ്പെടുന്ന സ്ഥിതി വിശേഷം പൊതുവേദിയിൽ ചർച്ച ചെയ്യപ്പെടുന്നു എന്നതാണ്. അതുവഴി പരമാവധി അവകാശങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ ഇടയാക്കുന്നു.

വിവിധങ്ങളായ പദ്ധതികളുടെ മികച്ച രീതിയിലുള്ള പ്രവർത്തനത്തിനും, മേൽനോട്ടത്തിനും, മൂല്യനിർണ്ണയത്തിനും അത് കൂടാതെ സുതാര്യതയും പ്രതിബദ്ധതയും വളർത്തുവാനും സമൂഹം നേരിട്ട് നടത്തുന്ന പരിശോധന - സോഷ്യൽ ഓഡിറ്റ് സഹാകമാകുന്നു എന്നതിൽ സംശയമില്ല. ഇന്ന് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിൽ വിവിധങ്ങളായ വികസന ക്ഷേമ പദ്ധതികൾ കൂടാതെ ഗ്രാമ വികസന വകുപ്പുകളിലും സോഷ്യൽ ഓഡിറ്റ് മെച്ചപ്പെട്ട രീതിയിലുള്ള സമീപനം കാഴ്ച വച്ചിട്ടുണ്ട്. ഇതിന്റെ പ്രാധാന്യത്തെ കുറിച്ചും ശരിയായ രീതിയിലുള്ള പ്രവർത്തന രീതിയെ കുറിച്ചുമുള്ള അറിവില്ലായ്മ സോഷ്യൽ ഓഡിറ്റിന്റെ കടന്നു വരവിന് തടസ്സമായി നിൽക്കുന്നു. ഇത്തരം തടസ്സങ്ങൾ നീക്കി സാമൂഹ്യാധിഷ്ഠിത വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന പ്രാദേശിക സർക്കാരുകളുടേയും അവയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരുടേയും ഭരണസിരാ കേന്ദ്രങ്ങളിൽ നേതൃത്വം നൽകി പ്രവർത്തിക്കുന്ന ജനപ്രതിനിധികളുടേയും പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുവാനും ജനങ്ങളുടെ ആവശ്യങ്ങൾ അവർക്ക് മുന്നിലേക്ക് എത്തിച്ച് ജനകീയ പ്രശ്നങ്ങൾക്ക് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ട് പരിഹാരം കാണുന്നതിനും സോഷ്യൽ ഓഡിറ്റ് പോലുള്ള ജനകീയ സഭകൾ കൂടിയേ തീരു. അതിനു വേണ്ടി ഓരോ പൗരനും സാമൂഹ്യ പ്രതിബദ്ധതയോടു കൂടി ഇത്തരം കാര്യങ്ങളിലേക്ക് മുന്നിട്ടിറങ്ങേണ്ടതാണ്. എന്നാൽ മാത്രമേ ഗാന്ധിജി സ്വപ്നം കണ്ട 'ഗ്രാമ സ്വരാജും' സദ്ഭരണ തത്വമായ 'സുരാജും' നമ്മുടെ ഗ്രാമങ്ങളിൽ സാക്ഷാത്കരിക്കാനാകു. ◆

കൊട്ടാരക്കര എസ്.ഐ.ആർ.ഡി.യിൽ അസി. പ്രൊഫസറാണ് ലേഖകൻ

പി. എ നൗഷാദ്

വികസനത്തിന്റെ നൂതന മാർഗങ്ങളിലൂടെ ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലയിൽ തമിഴ്നാടിനോട് അതിര് പങ്കിടുന്ന ഗ്രാമമാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. വിസ്തീർണ്ണം 41 ചതുരശ്ര കീലോമീറ്റർ. പഞ്ചായത്തിലെ പ്രധാന കാർഷിക വിള ഏലമാണ്. കേരളത്തിൽ തന്നെ പാലുൽപ്പാദനത്തിൽ മുൻപന്തിയിലാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. ഒരു ഡയറി യൂണിറ്റും ധാരാളം ക്ഷീര വികസന സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. 2010 നവംബർ ഒന്നിന് പഞ്ചായത്ത് പ്രസിഡന്റ് ആന്റണി സ്കറിയായുടെ നേതൃത്വത്തിൽ ഭരണസമിതി അധികാരമേറ്റു. തുടർന്ന് ജനോപകാരപ്രധമായ നൂതന പദ്ധതികളിലൂടെ പഞ്ചായത്ത് ജനശ്രദ്ധ നേടി.

പഞ്ചായത്ത് തല ജനസംബർക്ക പരിപാടി

പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും നേതൃതത്തിൽ ജനസമ്പർക്ക പരിപാടി നടത്തി. ഈ പദ്ധതിയിലൂടെ പഞ്ചായത്തിൽ തീർപ്പാകാതെ കിടന്നിരുന്ന ജനങ്ങളുടെ ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാനിധ്യത്തിൽ തന്നെ 600 ൽ അധികം പെൻഷൻ അപേക്ഷകൾ തീർപ്പാക്കി.

ഗ്രാമോത്സവം

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ. എം. കെ മുനീറിന്റെ ആശയമായ ഗ്രാമയാത്രയ്ക്ക് ആധിതൃമേകിയത് ചക്കുപള്ളം ഗ്രാമ പഞ്ചായത്താണ്. ജനപങ്കാളിത്തം കൊണ്ടും തികച്ചും ഗ്രാമീണ രീതിയിലുള്ള അവതരണം കൊണ്ടും ഗ്രാമയാത്ര ശ്രദ്ധേയമായി.

പ്രദേശിക വാർത്തകളും പഞ്ചായത്ത് വാർത്തകളും മൊബൈൽ ഫോണിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി

സ്വകാര്യടെലഫോൺ കമ്പനിയായ ഐഡിയ നെറ്റ് വർക്കുമായി ചേർന്ന പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പ്രദേശിക വാർത്തകളും പഞ്ചായത്ത് വാർത്തകളും മൊബൈൽ ഫോണിൽ ലഭ്യമാക്കി. ഇതിന് ആവശ്യമായ സിംകാർഡുകൾ പഞ്ചായത്തിൽ രജീസ്റ്റർ ചെയ്തവർക്ക് സൗജന്യമായി കൊടുത്തു. ഇതിലൂടെ പഞ്ചായത്ത് ഭരണസമിതിയും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായി.

വർണ്ണഗ്രാമം പദ്ധതി

2012-2013 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തും ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവരും വ്യാപാരി വ്യവസായികളും സന്നദ്ധപ്രവർ

ത്തകരും ചേർന്ന് പഞ്ചായത്തിന്റെ പൊതു നിരത്തുകളിൽ അലങ്കാര ചെടികൾ നട്ട് പിടിപ്പിച്ച് പരിപാലിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ആയതിലൂടെ പഞ്ചായത്തിന്റെ പൊതുനിരത്തുകൾ വർണ്ണമനോഹരമാവുകയും ആയതിലൂടെ വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാനും സാധിച്ചു.

പാലിയോറ്റീവ് സംഘം വീടുകളിൽ

ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി ഡോക്ടർമാരുടെയും ജീവനക്കാരുടെയും ആശാ വർക്കറുമാരുടെയും സംഘങ്ങൾ കിടപ്പ് രോഗികളുടെ വീടുകളിൽ എത്തിച്ചേർന്ന് പരിശോധിച്ച് മരുന്നുകൾ നൽകുന്നു. ഡോക്ടർമാർക്ക് വീടുകളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യവും മരുന്നും പഞ്ചായത്ത് നൽകുന്നു. പി.എച്ച്.എസ്.സിയിലൂടെ എല്ലാവിധ സൗകര്യങ്ങളുമുള്ള ആധുനിക ആംബുലൻസ് സൗജന്യ നിരക്കിൽ ജനങ്ങൾക്ക് സേവനം നൽകുന്നു. പി.എച്ച്.എസ്.സിയിൽ ലാബ്, സ്തീകളുടെ വിശ്രമകേന്ദ്രം, മോർച്ചറി, രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി. ഈ രംഗത്തെ പ്രവർത്തനമികവിനുള്ള അംഗീകാരമായി 2013-2014 ൽ ആരോഗ്യകേരള പുരസ്ക്കാരം സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനവും അവാർഡ് തുകയായ മൂന്ന്ലക്ഷം രൂപയും 2014-2015 ൽ ആരോഗ്യകേരളപുരസ്ക്കാരവും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും അവാർഡ് തുകയായ പത്ത് ലക്ഷം രൂപയും പഞ്ചായത്തിന് ലഭിച്ചു. പഞ്ചായത്തിൽ താമസിക്കുന്ന പ്രായമായവർക്ക് വിശ്രമിക്കുന്നതിനും ഉച്ചഭക്ഷണം കഴിക്കുന്നതിനും ഒത്തുകൂടുന്നതിനും പകൽ വീട് പ്രവർത്തനം ആരംഭിച്ചു.

വിദ്യാഭ്യാസരംഗം

2012-2013 വർഷം മുതൽ പഞ്ചായത്തിലെ 300 ൽ അധികം കുട്ടികളെ സൗജന്യമായി കരാട്ടെ പഠിപ്പിക്കുന്നു. 2013-2014 ൽ പത്താംക്ലാസിൽ പഠിക്കുന്ന മുഴുവൻ എസ്.സി.-എസ്.റ്റി കുട്ടികൾക്കും സൈക്കിൾ വിതരണം ചെയ്തു. 2015-2016 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ എസ്.സി.- എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു.

കാർഷികമേഖല

കാർഷിക മേഖലയിൽ പഞ്ചായത്ത് ശക്തമായ ഇടപ്പെടൽ നടത്തി. മൂന്ന് മെതിയന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് നൽകി. കർഷകർക്ക് ജൈവവള വിതരണം, മുട്ടക്കോഴി വിതരണം, സുഗന്ധ വിളതൈ വിതരണം, ഫലവൃക്ഷതൈ വിതരണം എന്നിവ നടത്തി. കർഷകരുടെ ഉൽപന്നങ്ങൾ കൂടുതൽ വിലയ്ക്ക് വിൽക്കുന്നതിനായി ഒപ്പൺ മാർക്കറ്റ് സംവിധാനം ഏർപ്പെടുത്തി.

ശുചിത്വം

2013-2014 ൽ പഞ്ചായത്ത് ചിറ്റാംപാറയിൽ ഖരമാലിന്യസംസ്ക്കരണപ്ലാന്റ് സ്ഥാപിച്ചു. മാലിന്യം

ശേഖരിക്കുന്നതിനും കൊണ്ട്പോകുന്നതിനും വേണ്ടി വാഹനം വാങ്ങുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തു. കാർഷകരുടെ ആവശ്യത്തിനായി ജൈവവളം നിർമ്മിച്ച് വിതരണം ചെയ്യുന്നു. മാലിന്യങ്ങൾ ജൈവ, അജൈവമായി വേർതിരിച്ച് സംസ്ക്കരിക്കുന്നു. പ്ലാസ്റ്റിക് വേർതിരിച്ച് സംസ്കരിക്കുന്നു. കുപ്പികൾ പൊടിച്ച് നീക്കം ചെയ്യുന്നു

ആധുനിക അറവുശാല

2014-2015 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപ ചിലവാക്കി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹായത്തോടെ ചിറ്റാംപാറയിൽ ആധുനിക അറവുശാല സ്ഥാപിക്കുകയും ആയതിന്റെ ഉദ്ഘാടനം തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ. എം. കെ മുനീർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ മാതൃകാപഞ്ചായത്തിന് വേണ്ട പതിനൊന്ന് ഘടകങ്ങളിൽ ആറ് ഘടകങ്ങളും പഞ്ചായത്ത് നേടിയെന്നും സംസ്ഥാനത്തെ ആദ്യമാതൃക പഞ്ചായത്തിലേയ്ക്ക് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് അടുക്കുകയാണെന്നും മന്ത്രി അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മാതൃക പഞ്ചായത്തിന് ആവശ്യമായ മാതൃക റോഡ് നിർമ്മിക്കാൻ രണ്ട് കോടി രൂപ പഞ്ചായത്തിന് നൽകുമെന്നും പഞ്ചായത്തിനെ മറ്റ് പഞ്ചായത്തുകൾക്ക് ഒരു പഠനകേന്ദ്രമാക്കുമെന്നും മന്ത്രി അറിയിച്ചു.

ISO 9001-2008

2015-2016 വർഷത്തിൽ ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ISO സർട്ടിഫിക്കറ്റ് നേടി. നിയമസഭയുടെ മാതൃകയിൽ പഞ്ചായത്ത് യോഗം ചേരുന്നതിന് ആധുനിക രീതിയിൽ കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും യോഗ നടപടികൾ തൽസമയം പൊതുജനങ്ങൾ ക്കായി വെബ്കാസ്റ്റ് ചെയ്യുകയും ചെയ്തു. പഞ്ചായത്ത് ഓഫീസിൽ CCTV സംവിധാനം സ്ഥാപിച്ചു.

ടൂറിസം

ലോകപ്രസിക്തമായ തേക്കടിയോട് ചേർന്ന കിടക്കുന്ന പഞ്ചായത്തിൽ തമിഴ്നാടിന്റെ നയനമനോഹരമായ കാഴ്ചകൾ കാണാവുന്ന ചെല്ലാർകോവിൽ അരുവിക്കുഴി വെള്ളച്ചാട്ടം, ഒട്ടകത്തലമേട്, സ്പൈസ് ടൂറിസം എന്നിവ ഉൾപ്പെട്ടുവരുന്നു. ധാരാളം ടുറിസ്റ്റുകൾ എത്തിച്ചേരുന്ന പഞ്ചായത്തിൽ ടുറിസ്റ്റുകൾക്കായി ടൂറിസം ഇൻഫർമേഷൻ സെന്റർ, സൈറ്റ് സീയിങ്ങിനായി വാഹനസൗകര്യം, വാച്ച് ടവ്വർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

വികസനപ്രവർത്തനങ്ങളിൽ ഭരണസമിതിയോടൊപ്പം ചേർന്ന് നിന്ന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെയും അംഗീകാരങ്ങൾ നൽകി അംഗീകരിക്കേണ്ടതുണ്ട്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തോളോട്തോൾ ചേർന്ന് നിന്ന് നടത്തിയ പരിശ്രമങ്ങളുടെ ഫലമാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്തിന്റെ വിജയഗാഥ. ◆

ചക്ക്വള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ

എ. നാസറുദ്ദീൻ

വികസന പാതയിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കുലശേഖരപുരം ഒരു കാർഷിക ഗ്രാമമാണ്. ജനസംഖ്യയിൽ ഭൂരിപക്ഷവും കർഷക തൊഴിലാളികളും മത്സ്യതൊഴിലാളികളും കശുവണ്ടി തൊഴിലാളികളുമാണ്. 16.75 ചതുരശ്ര മീറ്ററിലായി വ്യാപിച്ചു കിടക്കുന്ന പഞ്ചായത്തിലെ ജനസംഖ്യ 49157 ആണ്. കഴിഞ്ഞ 5 വർഷത്തെ സമഗ്ര വികസനത്തിന്റെ ഭാഗമായി സമഗ്രമേഖലകളിലും പുത്തൻ ഉണർവ്വ് ഉണ്ടാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

കരനെൽകൃഷി, ജി9-വാഴകൃഷി, ജൈവപച്ചക്കറി കൃഷി, സമ്പൂർണ്ണ ഫലവർക്ഷ കൃഷി, എള്ള് കൃഷി, കേരഗ്രാമം പദ്ധതി എന്നിങ്ങനെ കാർഷിക മേഖലയിലെ പുനരുജ്ജീവനത്തിന് വളരെയധികം സഹായകരമായ പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞു.

കമ്പ്യൂട്ടർവത്കൃത ഓഫീസ് സംവിധാനം, ജനസൗഹൃദ ഫ്രണ്ട് ഓഫീസ് പ്രവർത്തനം, നികുതി-നികുതിയേതര വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള മാതൃകാ പ്രവർത്തനം, വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനവും മെച്ചപ്പെടുത്തൽ, അടിസ്ഥാന സൗകര്യ വികസനം, എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രം ആരംഭിക്കൽ തുടങ്ങിയവയിലൂടെ വികസനത്തിന്റെ ഭ കുലശേഖരപുരം മോഡൽ സൃഷ്ടിക്കാൻ കഴിഞ്ഞു.

അവാർഡിന്റെ തിളക്കം

- 2011-12, 2012-13, 2013-14 എന്നീ മൂന്നു തവണ തുടർച്ചയായി ഏറ്റവും നല്ല പഞ്ചായത്തിനുള്ള ജില്ലാതല സ്വരാജ് ട്രോഫി.
- സേവനങ്ങൾ ഗുണനിലവാരത്തോട് പ്രദാനം ചെയ്യുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് നൽകിയ ISO 9001 : 2008 സർട്ടിഫിക്കേഷൻ.
- തനത് വരുമാന ശേഖരണത്തിൽ മാതൃകാ പ്രവർത്തനം കാഴ്ച വെച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം തനത് വരുമാനശേഖരണ മാതൃക സംബന്ധിച്ച പ്രബന്ധം അവതരിപ്പിക്കുന്നതിന് 2015 ജൂൺ മാസം NIRD ഹൈദ്രാബാദിലേക്ക് ക്ഷണം ലഭിച്ചു. പഞ്ചായത്തിന്റെ തനത് വരുമാന ശേഖരണ മാതൃക ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. കേരളത്തിൽ നിന്നും കുലശേഖരപുരം ഗ്രാമപഞ്ചായത്തിനെ മാത്രമാണ് തിരഞ്ഞെടുത്തത്.

വരുമാന ശേഖരണം

2009 വരെ പഞ്ചായത്തിന്റെ വരുമാന ശേഖരണത്തിൽ കാര്യക്ഷമമായ പുരോഗതി ഉണ്ടായിരുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, ലൈസൻസ് ഫീസ്, മറ്റ് ഫീസുകൾ എന്നിവയിൽ കണ്ടെത്താവുന്ന എല്ലാ നികുതികളും കണ്ടെത്തി ഡിമാന്റ് ചെയ്ത് ആയവ സമയബന്ധിതമായി ശേഖരിക്കുന്നതിനും വിവിധ പദ്ധതികൾക്കു വേണ്ടി കാര്യക്ഷമമായി ചെലവഴിക്കുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

വരുമാനസ്രോതസ്സുകൾ കണ്ടെത്തുന്നതിന് ജനപ്രതിനിധികളുടേയും കുടുംബശ്രീ അംഗങ്ങളുടേയും തൊഴിലുറപ്പ് പദ്ധതി മേറ്റുമാരുടേയും യോഗം വിളിച്ചു നടത്തി വരുമാനചോർച്ചയുണ്ടാകാതെ എല്ലാ വരുമാനങ്ങളും ശേഖരിക്കുന്നതിന് പഞ്ചായത്തിനു കഴിഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി വർദ്ധനവിലുള്ള വളർച്ച

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ

Item	2009-10	2010- 11	2011- 12	2012-13	2013-14	2014-15
Property Tax	1,679,570	2,113,917	2,494,148	3,082,677	3,554,570	6,169,025
Profession Tax	1,237,568	1,861,322	2,286,890	2,435,750	2,863,278	3,087,800
Entertainment Tax	138,525	326,050	255,950	384,520	344,520	262,548
License fees	83,373	113,244	117,290	119,490	124,250	166,046
Permit fees	331,730	274,154	239,768	333,713	379,895	429,537
Market receipts	191,240	218,906	200,906	285,300	285,300	276,500
Rent of Shops	71,908	86,391	88,224	92,628	105,804	136,371
TOTAL	3,733,914	4,993,984	5,683,176	6,734,078	7,657,617	10,527,827



നികുതി-നികുതിയേതര വരുമാന ശേഖരണത്തിൽ അത്ഭുതാവഹമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

ഫ്രണ്ട് ഓഫീസ്

പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയാണ്. സർട്ടിഫിക്കറ്റുകൾ അതാത് ദിവസം തന്നെ നൽകുന്നതിനും മറ്റ് സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനും സാധിക്കുന്നു. ഐ.കെ.എം വികസിപ്പിച്ചെടുത്ത എല്ലാ സോഫ്റ്റ്‌വെയറുകളും ഓഫീസിൽ വിന്യസിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ വരുന്ന ജനങ്ങൾക്ക് പ്രതികരണ ഫോറം നൽകി അവരുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ആഴ്ചയും ജീവനക്കാരുടെ യോഗം ചേർന്ന് പോരായ്മകൾ പരിഹരിക്കുകയും ജനസൗഹൃദ ഫ്രണ്ട് ഓഫീസ് ആക്കി പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

കരനെൽക്യഷി

കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച കരനെൽകൃഷി എന്ന പദ്ധതി മറ്റ് സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. പുരയിടങ്ങളിൽ നെൽകൃഷി നടത്തുന്നതായിരുന്നു പദ്ധതി. പഞ്ചായത്തിലെ എല്ലാ വീടുകളിലും നെൽകൃഷി നടത്തി സംസ്ഥാന സർക്കാരിന്റെ പ്രശംസ പിടിച്ച് പറ്റുകയും, 30 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുകയും ചെയ്തു. കരനെൽകൃഷി ഡോക്യുമെന്റ് ചെയ്ത് ഡൽഹിയിൽ നടന്ന അന്തരാഷ്ട്ര വിപണന മേളയിൽ പഞ്ചായത്ത് വകുപ്പ് പ്രദർശിപ്പിക്കുകയുണ്ടായി. ഏഷ്യാനെറ്റ്, സൂര്യാ തുടങ്ങിയ ചാനലുകൾ പ്രത്യേക പരിപാടികളായി കരനെൽകൃഷി സംപ്രേഷണം ചെയ്തു. പദ്ധതി നടത്തിപ്പിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ലിങ്ക് ചെയ്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു.

ജി9 വാഴക്യഷി

കേന്ദ്രനാളീകേര വികസന ബോർഡ് പഞ്ചായത്തിലെ ജനപ്രതിനിധികളെയും കർഷകരെയും ,തമിഴ്നാട്ടിലെ തേനി ജില്ലയിലെ ജി9 വാഴകൃഷിയെ കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ചിരുന്നു. ഇതിനുള്ള ചെലവ് വഹിച്ചത് നാളീ

കേര വികസന ബോർഡാണ് .മറ്റ് സൗകര്യങ്ങൾ ചെയ്തത് തമിഴ്നാട് സർക്കാരുമാണ്. തെങ്ങിൻ തോട്ടങ്ങളിൽ ജി9 വാഴകൾ ഓരോ തെങ്ങിന് ചുറ്റും നാലെണ്ണം വീതം കൃഷി ചെയ്യുന്നതാണ് തേനീ മോഡൽ ജി9 വാഴകൃഷി.ജി9 വാഴകൾ ഇസ്രായേലി ഒറിജിനാണ്. ഇങ്ങിനെ കൃഷി ചെയ്യുന്നത് കൊണ്ട്,തെങ്ങിന് നല്ല വിളവ് ലഭിക്കുകയും 40കിലോ മുതൽ മുകളിലോട്ടുള്ള വാഴക്കുലകൾ ലഭിക്കുകയും ചെയ്തു.

കേരഗ്രാമം പദ്ധതി

നാളികേരത്തിന്റെ ഉത്പ്പാദനം കേരളത്തിൽ കുറഞ്ഞുവരുന്ന കാലയളവിലാണ് കുലശേഖരപുരം ഗ്രാമപഞ്ചായത്ത് കേരഗ്രാമം പദ്ധതി തയ്യാറാക്കുന്നത്. ഒരു കോടി എൺപത്തിനാല് ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ നാളികേരത്തിന് തടമെടുക്കൽ, ജൈവവളം നൽകൽ, സസ്യ സംരക്ഷണം, ഇടവിള കൃഷി പ്രോത്സാഹനം എന്നിങ്ങനെ ഉൾപ്പെടുത്തി 9374 കർഷകർക്ക് ധനസഹായം നൽകുന്നതിന് കഴിഞ്ഞു.

- 93294 തെങ്ങുകൾക്ക് ഇൻഷുറൻസ് പരിരക്ഷ.
- 30 ഹെക്ടറിൽ ഇടവിള കൃഷി
- 6000 അത്യുൽപാദന ശേഷിയുള്ള DxT, Tx-D തെങ്ങിൻ തൈകൾ സബ്സിഡിയിനത്തിൽ വിതരണം.
- 200 തെങ്ങുകയറ്റ യന്ത്രം.

ഒരു തെങ്ങിൽ നിന്ന് ശരാശരി 30 തേങ്ങയ്ക്ക് താഴെ കിട്ടി കൊണ്ടിരുന്നത് ശരാശരി 40 മുതൽ 50 വരെ തേങ്ങാ ലഭിക്കുന്നതിലേയ്ക്ക് എത്തിക്കുന്നതിന് ഈ പദ്ധതി കാരണം കഴിഞ്ഞു. പദ്ധതിയുടെ വിജയമികവ് കണക്കിലെടുത്ത് 2015-16 ലും പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി.

തൊഴിൽ സേന

കാർഷികവൃത്തിയിൽ തൊഴിലാളികളുടെ ദൗർലഭ്യവും, വർദ്ധിച്ചുവരുന്ന കൂലിചെലവും ഉത്പ്പാദനത്തേയും ഉത്പ്പാദനക്ഷമതയും പ്രതികൂലമായി ബാധിച്ച അവസരത്തിലാണ് കുലശേഖരപുരം ഗ്രാ

മപഞ്ചായത്തിലെ 23 വാർഡിലും തൊഴിൽ സേന രൂപീകരിക്കുകയും പഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മ സേന രൂപീകരിക്കുകയും ചെയ്തത്. കാർഷിക മേഖലയിലെ യന്ത്രവത്കൃത കൃഷി, തരിശ് നില കൃഷി എന്നിവ 318 തൊഴിൽസേന അംഗങ്ങൾ ഏറ്റെടുത്തു നടത്തുന്നു. കാർഷിക രംഗത്തെ മികവ് കണക്കി ലെടുത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥകൾക്കും കർഷകരേയും സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യ ത്തിൽ ബാംഗ്ലൂരിലേയും, ഹൈദ്രാ ബാദിലേയും, പൂനയിലേയും മികച്ച കാർഷിക ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠന പര്യടനം നടത്തുന്നതിന് അവസരം ലഭിച്ചു.

എള്ള് കൃഷി

ഓണാട്ടുകരയുടെ തനതായ എള്ള് കൃഷി അന്യം നിന്നു പോകുന്ന അവസ്ഥയിലിന്ന് കരയിലും പാടത്തുമായി 150 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി വിജയപ്രദമായി നടപ്പാക്കിയത്. സ്വന്തം ബ്രാന്റ് നാമത്തിൽ എള്ളെണ്ണ വിപണിയിൽ എത്തിക്കാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു.

കുടുംബ കൃഷി

2014 കുടുംബ കൃഷി വർഷമായി ആചരിക്കുന്നതിനുള്ള ഐക്യ രാഷ്ട്ര സഭയുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കുടുംബ ങ്ങളിലും പച്ചക്കറി കൃഷി എത്തി ക്കുന്നതിന് കുടുംബകൃഷി എന്ന പദ്ധതി പഞ്ചായത്ത് ഏറ്റെടുത്തു. തമിഴ്നാട്ടിൽ നിന്ന് വരുന്ന പച്ചക്കറി കളിൽ മാരക കീടനാശിനികൾ അടങ്ങിയിട്ടുണ്ടെന്ന പത്രമാധ്യമങ്ങ ളുടെ റിപ്പോർട്ട് ജനങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തിയാണ് പൊതുജന പങ്കാളിത്തം ഉറപ്പാക്കി കുടുംബ കൃഷി എന്ന പദ്ധതി പഞ്ചായത്ത് വിഭാവന ചെയ്തത്. ജൈവപച്ചക്കറി കൃഷിയുടെ പ്രാധാന്യം ജനങ്ങളി ലെത്തിക്കാനും പദ്ധതി ലക്ഷ്യമിട്ടു. കറിവേപ്പിലയിൽപോലും മാരക കീടനാശിനികൾ വൻ തോതിൽ അടങ്ങിയിട്ടുള്ളത് ജനങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തി. ഓരോ പ്രദേശത്തും വനിത ഗ്രൂപ്പുകൾ ഉണ്ടാക്കിയാണ് പച്ചക്കറി കൃഷി നടത്തിയത്. സമൂഹത്തിലെ എല്ലാ തട്ടിൽ നിന്നുമുള്ള വനിതകളെ കാർഷിക രംഗത്ത് അണി നിരത്തുവാൻ കഴിഞ്ഞു എന്നുള്ളത് പ്രോജക്ടിന്റെ വിജയമായി. ആ മുന്നേറ്റം ഇപ്പോഴും നിലനിർത്തി കൊണ്ട് പോവുകയാണ്. സാധാരണ ജനങ്ങൾ മുതൽ പെൻഷൻ പറ്റിയവർ വരെ കാർഷിക രംഗത്ത് മുന്നിട്ടിറങ്ങുന്ന സ്ഥിതി സംജാതമാക്കാൻ കഴിഞ്ഞു.

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംസംരംഭം, പാലിയേറ്റീവ് കെയർ, അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ, സ്കൂളുകൾക്ക് കമ്പ്യൂട്ടർ തുടങ്ങി എല്ലാ മേഖലകളിലും മാതൃകാ പദ്ധതികൾ നടപ്പിലാക്കി വിജയിപ്പിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സർക്കാരിന്റെ കാർഷികമിത്ര അവാർഡ്, കേന്ദ്രനാളികേര വികസന ബോർഡിന്റെ നല്ല കൃഷി ഓഫീസർക്കുള്ള അവാർഡ്, കേന്ദ്ര കൃഷി എക്സ്റ്റൻഷൻ ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദ്രബാദിന്റെ ദേശീയ അവാർഡ് നേടിയ പഞ്ചായത്തിലെ കൃഷി ഓഫീസറായ വി.ആർ ബിനീഷിന്റെ നേതൃത്വത്തിലാണ് കാർഷിക രംഗത്തെ നൂതന പരിപാടികൾക്ക് പഞ്ചായത്ത് നേതൃത്വം നൽകുന്നത്.

പഞ്ചായത്തിലെ പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് പ്രത്യേക ഊന്നൽ നൽകി വരുന്നു. 2014/2015 ൽ പശ്ചാത്തല മേഖലയിൽ ഏകദേശം 3 കോടി രൂപയാണ് ചെലവഴിച്ചത്. പഞ്ചായത്തിലെ 90% റോഡുകളുടെ പുനരുദ്ധാരണം നടത്താൻ സാധിച്ചു. തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും, മെയിന്റനൻസ് നടത്തുകയും ചെയ്തു. പഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയിരുന്നു. PHCയെ മോഡൽ PHC ആയി ഉയർത്തുന്നതിന് 18 ലക്ഷം രൂപ വകയിരുത്തി, ലാബ് നിർമ്മാണം ഉൾപ്പടെയുള്ള പ്രവർത്തികൾ നടപ്പിലാക്കി. അംഗൻവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ, പുതിയ കെട്ടിട നിർമ്മാണം, കെട്ടിടങ്ങളുടെ പുനരുദ്ധാരണം, പ്രവർത്തികൾ എന്നീ പദ്ധതികൾ വഴി അംഗൻവാടി ക്ഷേമ പ്രവർത്തികൾക്കായി മാത്രം ഒരു കോടിയിലേറെ രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചത്.

കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥൻമാരുടേയും കൂട്ടായ പരിശ്രമഫലമായാണ് വികസനത്തിന്റെ കുലശേഖരപുരം മോഡൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. ◆

കുലശേഖരപുരം ഗ്രാമഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ

സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 162-ാം വകുപ്പ് (5എ) ഉപവകുപ്പുപ്രകാരം വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു പഞ്ചായത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണെന്നും എന്നാൽ ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള സംഗതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത സംഗതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്നു സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2004-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ (3)-ാം ചട്ടം 3, ഉപ ചട്ട പ്രകാരം ആദ്യമായി സ്ത്രീകൾക്കായി സംവരണം ചേയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ, ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും കാര്യത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും, ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും ആയിരിക്കേണ്ടതും, അപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്നുള്ള ഓരോ പൊതുതിരഞ്ഞെടുപ്പിനും ശേഷം അപ്രകാരം സംവരണം ചെയ്യപ്പെടേണ്ട 162-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങൾ ആവർത്തന ക്രമം പാലിച്ചുകൊണ്ട് വീതിച്ചു നൽകേണ്ടതും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 2015-ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ നിശ്ചയിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്തു (നം. 188/2015/സം.തി.ക. തീയതി 13/11/2015) വിജ്ഞാപനവും അനുബന്ധ പട്ടികയും തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ◆



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **November 2015**
Annual Subscription ₹120/-, Published on 20th **November 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS